# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-(പി.കെ.ഡി)പി-19/1387/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 03/10/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-(പി.കെ.ഡി)പി-19/1387/23 തീയ്യതി: 03/10/2023

## പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-08-2022 മുതൽ 04-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാം മനോഹർ.വി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 05-08-2023 | 16-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-08-2023 | 16-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.എം.എസ്.താരിഖ്, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.എം.വി.ബീന, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ.കെ.വി.സന്ദീപ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീ.പി.എസ്.ശിവദാസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ചന്ദ്രിക.എ | സെക്രട്ടറി | 01-04-2022 | 30-11-2022 |
| ശ്രീ.സുനിൽകുമാർ.സി | സെക്രട്ടറി-ഇ**ൻ**-ചാ**ർ**ജ്ജ് | 01-12-2022 | 28-12-2022 |
| ശ്രീമതി.ബീന എം എസ് | സെക്രട്ടറി | 29-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീമതി.സുധ.എസ് | അസി.എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സിമി.എം.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ബർബീഷ കെ പി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 09-06-2022 |
| ഡോ. കെ ശിവദാസ് മേനോ**ൻ** | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 10-06-2022 | 04-07-2022 |
| ഡോ. ഷാനിബ വി പി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 05-07-2022 | 31-03-2023 |
| ഡോ.ബാബു.എം.പി | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ഡോ.അജിതകുമാരി എസ് | മെഡിക്കൽ ഓഫീസർ(CHC) | 01-04-2022 | 15-02-2023 |
| ഡോ.നൈന സി എം | മെഡിക്കൽ ഓഫീസർ(CHC) | 16-02-2023 | 31-03-2023 |
| ശ്രീ.തങ്കരാജ്.പി | വി.ഇ.ഒ I | 01-04-2022 | 31-03-2023 |
| ശ്രീ.നിജാമുദീൻ.എ | വി.ഇ.ഒ II | 01-04-2022 | 15-01-2023 |
| ശ്രീ.സുമേഷ് എം | വി.ഇ.ഒ II | 16-01-2023 | 31-03-2023 |
| ശ്രീമതി.അശ്വതി.സി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.സുദ**ർ**ശ**ൻ** എം | ഡയറി ഫാം ഇ**ൻ**സ്ട്രക്ടർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല | 1-1-1 |
| 3 | CFC ഗ്രാന്റ് തുകകളുടെ ചെലവ് രേഖപ്പെടുത്തിയതിൽ അപാകം | 1-1-2 |
| 4 | ഹെഡ് മാറി തുക പോസ്റ്റ് ചെയ്തു | 1-1-3 |
| 5 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അഡ്മിനിസ്ട്രേറ്റീവ് ചെലവിൽ വ്യത്യാസം | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം | 1-3 |
| 8 | ഫണ്ട് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | എം.ജി.എൻ.ആർ.ഇ.ജി. എസ് | 1-6 |
| 11 | ക്ഷേമ പദ്ധതികൾ | 1-7 |
| 12 | ക്യാഷ് പരിശോധന | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം - അവലോകനം | 1-11 |
| 16 | വസ്തു നികുതി നിർണ്ണയം - അവലോകനം | 1-12 |
| 17 | സേവന നികുതി, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്ക് സർവ്വീസ് എന്നിവ ചുമത്തൽ | 1-12-1 |
| 18 | എം.എസ്.എം.ഇ കളുടെ വസ്തു നികുതി നിർണ്ണയത്തിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ് | 1-12-2 |
| 19 | നികുതിയേതര വരവുകൾ - അവലോകനം | 1-13 |
| 20 | വാടക - രേഖകളുടെ പരിശോധനയിലെ കണ്ടെത്തലുകൾ | 1-13-1 |
| 21 | എം.എസ്.എം.ഇ കൾ ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ് | 1-13-2 |
| 22 | തൊഴിൽ നികുതി - അവലോകനം | 1-14 |
| 23 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ | 1-14-1 |
| 24 | തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ഇല്ലാതെ മെയിന്റനൻസ് നടത്തുന്നു | 1-15 |
| 25 | ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകൾക്ക് മുഴുവനും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയില്ല | 1-16 |

| | | |
|---|---|---|
| 26 | പൊതുടാപ്പുകൾ നിർത്തലാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 1-17 |
| 27 | എ.ബി.സി പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം | 1-18 |
| 28 | സ്നേഹസ്പർശം പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം | 1-19 |
| 29 | ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 1-20 |
| 30 | ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ അമൃതം ഫുഡ്സിന്റെ ബിൽ തുക അനുവദിച്ചു | 1-20-1 |
| 31 | വൃദ്ധർക്ക് കട്ടിൽ വിതരണം- ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല | 1-20-2 |
| 32 | ഹരിത മിത്രം സ്മാർട്ട് ഗാർബേജ് ആപ്പ്- പ്രവർത്തനങ്ങളുടെ പുരോഗതി നിരീക്ഷിക്കേണ്ടതാണ് | 1-21 |
| 33 | ലൈഫ് ഭവനം-ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-22 |
| 34 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-23 |
| 35 | മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം- മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-24 |
| 36 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - വിദ്യാർത്ഥികളുടെ അർഹതാ രേഖകൾ ലഭ്യമാക്കിയില്ല | 1-25 |
| 37 | പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ് | 1-26 |
| 38 | ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമാക്കേണ്ടതാണ് | 1-27 |
| 39 | മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങൾ വിലയിരുത്തൽ | 1-28 |
| 40 | ടാറിംഗ് പ്രവൃത്തികളുടെ ബാരലുകളുടെ വിലയോടൊപ്പം ഈടാക്കിയ GST ഒടുക്കേണ്ടതാണ് | 1-29 |
| 41 | രാജീവ് ഗാന്ധി സേവാകേന്ദ്രം - നവീകരണം സമയബന്ധിതമായി പൂർത്തീകരിച്ചില്ല | 1-30 |
| 42 | പൂളക്കാട് അങ്കണവാടി റിംഗ് റോഡ് - പൂർത്തീകരണ കാലാവധി നീട്ടി നൽകിയതിൽ അപാകം | 1-31 |
| 43 | പള്ളത്താംപുള്ളി കനാൽ ബണ്ട് റോഡ് നവീകരണം - പൂർത്തീകരണം വൈകിയതിന്റെ കാരണം വ്യക്തമല്ല | 1-32 |
| 44 | MGNREGS-വ്യക്തിഗത മെറ്റീരിയൽ പ്രവൃത്തികളുടെ ഇനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല | 1-33 |
| 45 | ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക ധനകാര്യ പത്രികയുടെ സംക്ഷിപ്ത പത്രികകൾ |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 2/25-7-23 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 27-07-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻറ്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തിയതി: - -2023

ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല

2011 ലെ കേരള പഞ്ചായത്ത്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം സമർപ്പിക്കേണ്ട അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല.

### 1-1-2 CFC ഗ്രാന്റ് തുകകളുടെ ചെലവ് രേഖപ്പെടുത്തിയതിൽ അപാകം

CFC അൺടൈഡ് ഗ്രാന്റിന്റെ യഥാർത്ഥ ചെലവ് 2410574 രൂപയാണെങ്കിലും 2597339 രൂപ എന്നാണ് വാർഷിക കണക്കിൽ ചേർത്തിട്ടുള്ളത് (I6-2308966 + B3-288373 ). CFC Tied Grand (Spill Over) ചെലവായ 186765 രൂപ തെറ്റായി CFC അൺടൈഡ് ഗ്രാന്റിന്റെ ചെലവായി രേഖപ്പെടുത്തിയിട്ടുണ്ട്.

### 1-1-3 ഹെഡ് മാറി തുക പോസ്റ്റ് ചെയ്തു

140500301 (Collection Incentive - KCWWF) ഹെഡിൽ വരവു വെച്ച 4038/- രൂപ 350200203 (Recoveries Payable - Kerala Building And Other Construction Workers Welfare Board (KCWWF) എന്ന ഹെഡിലാണ് വരവ് വയ്ക്കേണ്ടിയിരുന്നത്.

### 1-1-4 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അഡ്മിനിസ്റ്റേറ്റീവ് ചെലവിൽ വ്യത്യാസം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അഡ്മിനിസ്റ്റേറ്റീവ് ചെലവ് AFS ഷെഡ്യൂൾ I-14(f) എന്നിവ പ്രകാരം അഡിമിനിസ്റ്റേറ്റീവ് ചെലവ് 2126339 രൂപയാണ്. എന്നാൽ റജിസ്റ്റർ പ്രകാരം 2125889 രൂപയാണ് രേഖപെടുത്തിയിരിക്കുന്നത്. 450 രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

### 1-2 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

19-03-2022 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1(1) പ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 12446456 |
| തൻവർഷം വരവ് | 335539794 |
| ആകെ വരവ് | 347986250 |
| ചെലവ് | 334480294 |
| നീക്കിയിരിപ്പ് | 13505956 |

13-02-2023 ലെ തീരുമാനം നം. 1(1) പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മ നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായും കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22518311 |
| വരവ് | 36315566 |
| ആകെ | 58833877 |
| ചെലവ് | 29475281 |

| നീക്കിയിരിപ്പ് | 29358596 |
|---|---|

ILGMS മുഖേന തയ്യാറാക്കിയ വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്‌മെന്റ് സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള കണക്കാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് (*) | നീക്കി യിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | 0 | 16622400 | 16622400 | 16557757 | 64643 |
| വികസന ഫണ്ട് -എസ്.സി.പി | 0 | 14600640 | 14600640 | 13224501 | 1376139 |
| വികസന ഫണ്ട് -ടി.എസ്.പി | 0 | 942000 | 942000 | 839450 | 102550 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 24259000 | 24259000 | 11713912 | 12545088 |
| മെയ്ന്റനൻസ് ഗ്രാന്റ് -നോൺ റോഡ് | 0 | 6324000 | 6324000 | 4916922 | 1407078 |
| CFC ഗ്രാന്റ്- അൺടൈഡ് -New | (-) 51759 | 3421954 (**) | 3370195 | 2410574 (***) | 959621 |
| CFC ഗ്രാന്റ്- അൺടൈഡ് - Spillover | 0 | 252049 | 252049 | 252049 | 0 |
| CFC ഗ്രാന്റ്- ടൈഡ് -New | 2798276 | 4763000 | 7561276 | 3795847 | 3765429 |
| CFC ഗ്രാന്റ്- ടൈഡ് - Spillover | 0 | 186765 | 186765 | 186765 | 0 |
| CFC-Health Grant-Converion Of Rural PHCs | 0 | 246704 | 246704 | 83883 | 162821 |
| CFC-Health Grant-Diagnostic Infrastruction To PHCs | 0 | 421286 | 421286 | 153597 | 267689 |

(*) I6 ലേയും B3 യിലേയും തുകകളുടെ ആകെ തുകയാണ് ചെലവായി എടുത്തിട്ടുള്ളത്.

(**) അൺടൈഡ് ഗ്രാന്റിന്റെ യഥാർത്ഥ വരവ് 3175000 രൂപയാണ്. പലിശയിനത്തിൽ ലഭ്യമായ 246954 രൂപ കൂടി ഉൾപ്പെടുത്തിയാണ് വാർഷിക കണക്കിൽ വരവ് ചേർത്തിട്ടുള്ളത്.

(***) I6-2308966, B3-288373 തുകകൾ കൂട്ടുമ്പോൾ ലഭ്യമായ 2597339 രൂപയിൽ CFC Tied Grand (Spill Over) പ്രകാരമുള്ള ചെലവ് കൂടി ഉൾപ്പെടുന്നുണ്ട്. ഈ തുക കുറവ് ചെയ്താണ് പട്ടികയിൽ കാണിച്ചിട്ടുള്ളത്. 186765 രൂപ CFC Tied Grand (Spill Over) ലും കാണിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃതം

എ)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 344006 | 1654876 | 1998882 | 503467 | 1495415 |

| | | | | | |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 1125675 | 0 | 1125675 | 160000 | 965675 |

ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 7 | 2127925 | 2127932 | 2125889 (*) | 2043 |
| തൊഴിലാളികളുടെ വേതനം | 0 | 41363307 | 41363307 | 41363307 | 0 |
| ആകെ | 7 | 43491232 | 43491239 | 43489196 | 2043 |

*(*)* AFS ഷെഡ്യൂൾ I14(f) എന്നിവ പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ചെലവ് 2126339 രൂപയാണ്. 450 രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വമിഷൻ | 1078000 | 0 | 1078000 | 0 | 1078000 |
| ശുചിത്വമിഷൻ ഗ്രാന്റ് | 346506 | 0 | 346506 | 76322 | 270184 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 171 | 122621501 | 130 | 66452976 | 0 | 41 | 76 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 24224563 | 11766681 | 49 |
| വെറ്ററിനറി സർജ്ജൻ | 8 | 8 | 2129350 | 1738440 | 82 |
| മെഡിക്കൽ ഓഫീസർ-CHC | 6 | 6 | 1711110 | 1635009 | 96 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 600000 | 600000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 7 | 6575114 | 4432363 | 67 |
| വി.ഇ.ഒ | 20 | 18 | 24948884 | 12746450 | 51 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1154000 | 878000 | 76 |
| സെക്രട്ടറി | 42 | 37 | 16552358 | 12776795 | 77 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 77 | 45 | 44726122 | 19879238 | 44 |
| ആകെ | 171 | 130 | 122621501 | 66452976 | 54 |

## 1-6 എം.ജി.എൻ.ആർ.ഇ.ജി. എസ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 7 | 2127925 | 2127932 | 2125889 | 2043 |
| തൊഴിലാളികളുടെ വേതനം (*) | 0 | 41363307 | 41363307 | 41363307 | 0 |
| ആകെ | 7 | 43491232 | 43491239 | 43489196 | 2043 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 5189200 | 465 |
| 3 | വിധവാ പെൻഷൻ | 13792400 | 1312 |
| 4 | വാർദ്ധക്യകാല പെൻഷൻ | 23507200 | 2315 |
| 5 | വികലാംഗ പെൻഷൻ | 2940600 | 267 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 908000 | 89 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5-8-2023 ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. 39373 രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

നികുതി, നികുതിയേതര വരുമാനം പൊതുവെ കുറവുള്ള പഞ്ചായത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ഇടപെടൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടായതായി കാണുന്നില്ല.
വസ്തു നികുതി പരിഷ്കരണത്തിനായുള്ള ഫീൽഡ് വിസിറ്റ് നാളിതുവരെ ആരംഭിച്ചിട്ടില്ല.
പല സ്ഥാപനങ്ങളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആയത് നിരീക്ഷിക്കുന്നതിനുള്ള ഫലപ്രദമായ സംവിധാനം നിലവിലില്ല.
തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് ഇല്ലാത്തതിനാൽ മെയ്ന്റനൻസ് ഇനത്തിൽ അധിക ചെലവ് ഉണ്ടാകുന്നുണ്ട്.
കുടിവെള്ള ടാപ്പുകൾ നിർത്തലാക്കുന്നതിനുള്ള കത്ത് വാട്ടർ അതോറിറ്റിക്ക് നൽകിയെങ്കിലും മാസങ്ങൾ കഴിഞ്ഞിട്ടും തുടർനടപടികൾ ഉണ്ടാകാത്തതിനാൽ വെള്ളക്കരം ഇനത്തിൽ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

രേഖകളുടെ സൂക്ഷിപ്പിലും സേവനങ്ങൾ നൽകുന്നതിലും കാര്യക്ഷമമായ ഇടപെടൽ പൊതുഭരണത്തിന്റെ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ക്രിയാത്മക ഇടപെടൽ ആവശ്യമാണ്.
2022-23 വർഷം മുതൽ ILGMS സംവിധാനത്തിലൂടെ ഫയലുകൾ കൈകാര്യം ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്. സെക്ഷനുകൾ വിവിധ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുവാൻ ഉന്നതാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന് ആയത് നിലനിർത്തുവാൻ തുടർന്നും കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

7/2018 ൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2013-14 മുതൽ 2017-18 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. പരാമർശങ്ങൾ തീർപ്പാക്കുവാനില്ല.

പെർഫോമൻസ് ഓഡിറ്റ് 12/2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. തുടർന്ന് പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല.

1-11 ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം - അവലോകനം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ധനകാര്യം, വികസനം, ക്ഷേമകാര്യം, ആരോഗ്യവും വിദ്യാഭ്യാസവും എന്നീ നാല് സ്റ്റാന്റിംഗ് കമ്മിറ്റികളാണ് രൂപീകരിക്കേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളെല്ലാം വിവിധ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് വിഭജിച്ച് നൽകിയിട്ടുണ്ട്. ഏത് വിഷയവും സൂക്ഷ്മമായും വിശദമായും ആദ്യം പരിശോധന നടത്തേണ്ടത് സ്റ്റാന്റിംഗ് കമ്മിറ്റികളാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് എടുത്ത തീരുമാനങ്ങളാണ് ഭരണസമിതി അംഗീകരിക്കേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും അവയുടെ ചുമതലകളും താഴെ ചേർക്കുന്നു.

പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ആണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ആയി പ്രവർത്തിക്കേണ്ടത്. സെക്ഷൻ 162എ പ്രകാരം അക്കൗണ്ടുകൾ, ബജറ്റ്, നികുതി, നികുതിയിന്മേലുള്ള അപ്പീൽ, പൊതുഭരണം, ഓഡിറ്റ്, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നീ വിഷയങ്ങളാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ടത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായ ചുമതലകൾ എത്രത്തോളം ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ടെന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിലയിരുത്തൽ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ സൂചിപ്പിച്ചിട്ടുള്ള പഞ്ചായത്ത് ഫണ്ടിന്റെ പ്രധാന ഘടകങ്ങളാണ് നികുതികൾ, ഫീസുകൾ, ഡ്യൂട്ടികൾ, കരങ്ങൾ, സർചാർജ്ജ്, വസ്തുവകകളിൽ നിന്നും സംരംഭങ്ങളിൽ നിന്നും ലഭിക്കുന്ന പാട്ടം, വാടക, മറ്റ് വരവുകൾ, ലൈസൻസുകൾക്കും അനുവാദങ്ങൾക്കും വേണ്ടിയുള്ള ഫീസും പിഴകളും പുറംപോക്കുകൾ, മീൻപിടുത്ത സ്ഥലങ്ങൾ തുടങ്ങിയ മറ്റ് മാർഗ്ഗങ്ങളിൽ നിന്നുള്ള ആദായം എന്നിവ.

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും കാര്യക്ഷമമായ ഇടപെടൽ ഉണ്ടായിട്ടുണ്ടോ എന്ന് വിലയിരുത്തുവാനായി 2021-22, 2022-2023 വർഷത്തെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്ട്സ് പരിശോധിക്കുകയുണ്ടായി.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ യോഗം

2000 ലെ കേരള പഞ്ചായത്ത്രാജ്(സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾ മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേർന്ന് ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകളുടെ വിലയിരുത്തലുകൾ നടത്തുന്നുണ്ട് ബോധ്യപ്പെട്ടു.
പ്രസിഡണ്ട്, ചെയർപേഴ്സൻ(വൈസ് പ്രസിഡണ്ട്), അംഗങ്ങൾ ഉൾപ്പടെ 4 പേരാണ് എല്ലാ യോഗത്തിലും പങ്കെടുത്തിട്ടുള്ളത്.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ബജറ്റും

കഴിഞ്ഞ മൂന്ന് വർഷത്തെ ബജറ്റ് രേഖകൾ പ്രകാരം പുതിയ നികുതി, നികുതിയേതര ഇനങ്ങൾ

ഒന്നുംതന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശിക്കപ്പെട്ടിട്ടില്ലെന്ന് ബോധ്യപ്പെട്ടു.

- വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസുകൾ, കെട്ടിട നിർമ്മാണ പെർമിറ്റ്, യൂസർ ഫീസ് മുതലായ നികുതി നികുതിയേതര വരുമാനമാർഗ്ഗങ്ങളെക്കുറിച്ചുള്ള ചർച്ചകളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായിട്ടില്ല.

പരിമിതമായ ഇനങ്ങളിൽ നിന്നുള്ള വരുമാനം മാത്രമാണ് വർഷങ്ങളായി ലഭിക്കുന്നത്. തികച്ചും ഗ്രാമപ്രദേശമായ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ സാധ്യതകൾ കൂടി തനത് വരുമാന വർദ്ധനവിന് തടസ്സം നിൽക്കുന്നുണ്ട്. ആയത് കൂടി പരിഗണിച്ച് വരുമാന വർദ്ധനവിനായി ക്രിയാത്മക നിർദ്ദേശങ്ങളും പ്രവർത്തനങ്ങളും ഉണ്ടായിട്ടില്ല എന്ന് കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ ബജറ്റ് നിർദ്ദേശങ്ങൾ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടു.

കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ ബജറ്റ് നിർദ്ദേശങ്ങൾ

| ക്രമ നം. | ഇനം | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|
| എ) നികുതി | | | | |
| 1 | വസ്തു നികുതി | 2154775 | 3200000 | 3500000 |
| 2 | തൊഴിൽ നികുതി | 1107900 | 1450000 | 1500000 |
| ബി) നികുതിയേതരം | | | | |
| 3 | വാടക | 99545 | 120000 | 130000 |
| 4 | പഞ്ചായത്ത് സ്വത്തുക്കളുടെ ദിവസ വാടക | 1500 | 0 | 0 |
| 5 | രജിസ്ട്രേഷൻ ഫീസ് | 15300 | 15000 | 15000 |
| 6 | ലൈസൻസ് ഫീസ് | 31638 | 70000 | 70000 |
| 7 | പെർമിറ്റ് ഫീസ് | 122005 | 130000 | 140000 |
| 8 | സർട്ടിഫിക്കറ്റ്/എക്സ്ട്രാക്ട് ഫീസ് | 3488 | 5000 | 5500 |
| 9 | ഫൈൻ | 338811 | 250000 | 50000 |
| 10 | മറ്റ് ഫീസുകൾ | 50220 | 40000 | 45000 |
| 11 | യൂസർ ചാർജ്ജസ് | 1131000 | 200000 | 200000 |
| 12 | സർവ്വീസ് ചാർജ്ജസ് | 8223 | 25000 | 10000 |
| 13 | ഉൽപ്പന്നങ്ങളുടെ വിൽപ്പന | 5000 | 25000 | 25000 |
| 14 | ഫോറം വില | 17335 | 50000 | 50000 |
| 15 | സ്ക്രാപ്പുകളുടെ വിൽപ്പന | 185151 | 25000 | 25000 |
| 16 | പലിശ | 129960 | 230000 | 250000 |
| 17 | നിക്ഷേപങ്ങൾ കണ്ടുകെട്ടൽ | 0 | 50000 | 50000 |
| 18 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ | 0 | 15000 | 20000 |
| 19 | മറ്റ് വരവുകൾ | 36887 | 800000 | 800000 |

കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ നികുതി, നികുതിയേതര വർദ്ധനവിനായി പുതിയ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിന്നും ഉയർന്നു വന്നിട്ടില്ല. ബജറ്റിൽ മൂന്ന് വർഷങ്ങളിൽ ഒരേ ഇനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് മേൽ പട്ടിക സൂചിപ്പിക്കുന്നു.

ബജറ്റും യഥാർത്ഥ വരവും തമ്മിലുള്ള അന്തരം

ഏതൊരു സ്ഥാപനത്തിന്റെയും കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ മുഖ്യ ഘടകങ്ങളിൽ പ്രധാനം ഓരോ വർഷവും ആവിഷ്ക്കരിക്കുന്ന ബജറ്റും അതിന്റെ നിയന്ത്രണവുമാണ്. ബജറ്റ് പ്രക്രിയയിൽ വരവ്, ചെലവിനങ്ങളുടെ പ്രതീക്ഷിത തുക കണ്ടെത്തുവാനായി ശാസ്ത്രീയമായ വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല. ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് ബജറ്റ് പ്രക്രിയ കാര്യക്ഷമമാക്കുവാൻ സാധ്യതയുണ്ടായിരുന്നിട്ടും ആയതിൽ വേണ്ടത്ര ശ്രദ്ധിച്ചതായി കാണുന്നില്ല.

2022-23 വർഷത്തെ ഏതാനും ഇനങ്ങളുടെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും യഥാർത്ഥ വരവും താരതമ്യം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രധാന വരവുകൾ | 2022-2023 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവ് (₹) | 2022-2023 വർഷത്തെ യഥാർത്ഥ വരവ് (₹) |
|---|---|---|
| വസ്തു നികുതി | 35,00,000 | 2421700 |
| തൊഴിൽ നികുതി | 15,00,000 | 11,28,405 |
| വാടക | 1,30,000 | 1,22,939 |
| നികുതിയേതര വരവുകൾ | 23,35,500 | 27,94,434 |

വസ്തു നികുതിയിനത്തിലെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നുണ്ട്. നികുതിയേതര വരവിൽ ചെറിയ തോതിലുള്ള വർദ്ധനവും ഉണ്ടായിട്ടുണ്ട്.

ബജറ്റ് പരിശോധിച്ചതിൽ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ പുതിയ ധനാഗമ മാർഗ്ഗങ്ങളൊന്നും 2022-23 വർഷത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടില്ലെന്ന് ബോധ്യപ്പെട്ടു. ക്രിയാത്മക ചർച്ചയിലൂടെ മാത്രമാണ് വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകേണ്ടതാണെന്ന് വിലയിരുത്തുന്നു.

കുടിശ്ശിക പിരിച്ചെടുക്കൽ

2022-23 വർഷത്തിൽ 100% പിരിവ് എന്ന നേട്ടം കൈവരിക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

*2023 ലെ വസ്തു നികുതി പരിഷ്കരണം - അടിസ്ഥാന വസ്തു നികുതി നിശ്ചയിക്കൽ*

വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനായി സർക്കാർ താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 – വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നിതനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

2. സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/10-4-2023) – കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം

മേൽ ഉത്തരവുകൾ കണക്കിലെടുത്ത് ഗ്രാമപഞ്ചായത്ത് 24/04/2023 തീയതിയിലെ എസ്സി4/1883/2023 നം. ഉത്തരവ് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശിപാർശ ഇല്ലാതെയാണ് വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ഭരണ സമിതി അംഗീകരിച്ചിട്ടുള്ളത്.

സഞ്ചയയിൽ 5% അടിസ്ഥാന നികുതി വർദ്ധനവ് വരുത്തിയിട്ടുണ്ടെങ്കിലും നിരക്കുകൾ പുതുക്കുന്നതിനുള്ള ഡാറ്റാ കളക്ഷൻ പൂർത്തീകരിച്ചിട്ടില്ല.

അവലോകന യോഗങ്ങൾ

ആറാം ധനകാര്യ കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സ.ഉ(കൈ)നം.117/2022/LSGD തിയതി 1-6-2022 പ്രകാരം നികുതി വരുമാനത്തിന്റെ ഡി.സി.ബി തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും നികുതി, നികുതിയേതര വരവിന്റെ അവലോകനം ഗ്രാമസഭകളിൽ നടത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്, പിരിവ് പുരോഗതി വിലയിരുത്തുന്നതിനുള്ള അവലോകനങ്ങൾ കാര്യക്ഷമമായി നടന്നിട്ടില്ലെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി, ഗ്രാമസഭാ മിനിട്സുകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

ഓഡിറ്റിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും

1) തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഭൂമിശാസ്ത്രപരവും സാമൂഹികവുമായ സവിശേഷതകൾ പരിഗണിച്ച് വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇടപെടേണ്ടതാണ്.
2) സാമ്പത്തിക നിയന്ത്രണത്തിന്റെ മുഖ്യ ഇനമാണ് ബജറ്റ് പ്രക്രിയ എന്നതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214 ലെ വ്യവസ്ഥകളും 02-12-2016 ലെ ജി.ഒ(ആർ.ടി)നം.3291/16 /ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ച ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങളും കണക്കിലെടുത്ത് ബജറ്റ് നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

3) നിലവിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പാലക്കാടിന്റെ ഗ്രാമീണ മേഖലയുടെ പ്രാധാന്യം മനസിലാക്കികൊണ്ട് ഗ്രാമീണ ടൂറിസം പോലുള്ള പദ്ധതികൾ പ്രോൽസാഹിപ്പിക്കുന്നതിനുള്ള സാധ്യതകൾ ആലോചിക്കാവുന്നതാണ്.

4) ടേക് എ ബ്രേക് കംഫർട്ട് സ്റ്റേഷൻ, ജിംനേഷ്യം തുടങ്ങി വിവിധ നികുതിയേതര ഇനങ്ങളിൽ നിന്നും യൂസർ ഫീ ഈടാക്കുന്നതിനുള്ള സാധ്യതകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഭരണസമിതിക്ക് ശുപാർശ സമർപ്പിക്കാവുന്നതുമാണ്.

ഓഡിറ്റ് അന്വേഷണം നം.6/09.08.2023 പ്രകാരം മേൽ വിഷയം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## 1-12 വസ്തു നികുതി നിർണ്ണയം - അവലോകനം

2011 ലെ കേരള പഞ്ചായത്ത്‌രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരവും 2013 ലെ ഭേദഗതി ചട്ടങ്ങളും വിവിധ ഘട്ടങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങളും ഉത്തരവുകളും പ്രകാരമുള്ള വസ്തു നികുതി, നിലവിൽ സഞ്ചയ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെയാണ് നിർണ്ണയിക്കുന്നത്. വസ്തു നികുതി ഡാറ്റയുടെ കൃത്യതയും 2023 ൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ചതിന്റെ കാര്യക്ഷമതയും വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

### വസ്തു നികുതി വരവ് തുകയുടെ കൃത്യത

ILGMS സംവിധാനത്തിൽ രേഖപ്പെടുത്തുന്ന വസ്തു നികുതി വരവ് ഓൺലൈൻ ആയി സഞ്ചയ ഡാറ്റാബേസിൽ അതേ സമയം തന്നെ രേഖപ്പെടുത്തുന്നതാണ്. എന്നാൽ സങ്കേതിക കാരണങ്ങളാൽ ഇൻ്ററപ്റ്റഡ് രസീതി മുഖേനയും ഔട്ട്ഡോർ കളക്ഷനിലൂടെയും വസ്തു നികുതി പിരിക്കുമ്പോൾ ILGMS ൽ വരവ് വെക്കുന്ന തുക പിന്നീട് സഞ്ചയയിൽ ഓരോ കെട്ടിടത്തിനുനേർക്കും വരവ് രേഖപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ സഞ്ചയയിൽ വരവ് രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയാൽ സഞ്ചയയിലേയും ILGMS ലേയും വരവ് വ്യത്യാസപ്പെടുന്നതാണ്.

ഓൺലൈൻ ആയി ഒടുക്കുന്ന നികുതി സഞ്ചയയിലും ILGMS ലും വരവു വെക്കപ്പെടുമെങ്കിലും ബാങ്കിൽ തുക ക്രെഡിറ്റ് ആകുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. ഓൺലൈൻ ആയി ഒടുക്കിയ തുക ബാങ്കിൽ വരവു വയ്ക്കപ്പെടുന്നുണ്ടെന്ന് നിശ്ചിത ഇടവേളകളിൽ നിരീക്ഷിക്കാതിരുന്നാൽ നഷ്ട സാധ്യത ഉണ്ടാകുന്നതാണ്.

2022-23 വർഷത്തെ വാർഷിക കണക്ക്, സഞ്ചയ DCB എന്നി പ്രകാരമുള്ള വരവിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | വരവ് (രൂപ) |
|---|---|
| AFS പ്രകാരം വസ്തു നികുതി വരവ് | 24,21,700 |
| സഞ്ചയ DCB പ്രകാരം വരവ് | 2554903 |

### 2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. സെക്ഷൻ 203 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 – വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നിതനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

2. സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/10-4-2023) – കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം

2023 ലെ വസ്തുനികുതി പ രിഷ്കരണം - പ്രധാന നിർദ്ദേശങ്ങൾ

| നിർദ്ദേശം | നിർദ്ദേശം നടപ്പാക്കിയതിന്റെ വിവരം |
|---|---|
| വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തൽ<br>എല്ലാ കെട്ടിടങ്ങളുടെയും 2022-23 വർഷം വരെ നിർണ്ണയിച്ചിട്ടുള്ള വസ്തു നികുതിയോടൊപ്പം അഞ്ച് ശതമാനം വീതം വർദ്ധനവ് | എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| വരുത്തേണ്ടതാണ്. | |
| <u>കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങൾ അറിയിക്കൽ</u><br>മുൻകാലയളവുകളിൽ കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കാത്ത വർക്ക് വിവരം ഫോറം 9ബി പ്രകാരം അറിയിക്കാവുന്നതാണ്.<br>സമയപരിധി - 15-05-2023 | ഫോറം 9B യിൽ നാളിതുവരെ 28 പേർ മാത്രമാണ് കെട്ടിടത്തിന്റെ മാറ്റങ്ങളുടെ വിവരം അറിയിച്ചിട്ടുള്ളത്. |
| <u>കെട്ടിടത്തിന്റെ ഫീൽഡ് പരിശോധന</u><br>ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തു ന്നതിന് 30-06-2023 വരെ സമയം അനുവദിച്ചിരുന്നു. | ഫീൽഡ് പരിശോധന നാളിതുവരെ ആരംഭിച്ചിട്ടില്ല. |
| വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതാണ്. | ഇന്റർവ്യൂ നടത്തി ആറുപേരെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| <u>വസ്തു നികുതിയുടെ പുതുക്കിയ നിരക്കിന്റെ വിജ്ഞാപനം</u> | 5% വർദ്ധനവ് വരുത്തിയതല്ലാതെ കെട്ടിടങ്ങളുടെ അടിസ്ഥാന വിവരം ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ആയതിനാൽ വസ്തു നികുതി പുനർ നിർണ്ണയവുമായി ബന്ധപ്പെട്ട മറ്റ് നടപടികളിലേക്ക് കടക്കുവാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്.<br>ഉത്തരവുകൾ കണക്കിലെടുത്ത് 24/04/2023 തീയതിയിലെ എസ്സി4/1883/2023 നം. ഉത്തരവ് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br>പൊതു ജനങ്ങൾക്ക് ആക്ഷേപം ഉണ്ടെങ്കിൽ അറിയിക്കുന്നതിനായി 1 മാസം സമയം നൽകിയിരുന്നുവെങ്കിലും പരാതിയൊന്നും ഇല്ലാത്തതിനാൽ കരട് വിജ്ഞാപനം അംഗീകരിക്കുകയും 04.07.2023 തിയതിയിൽ എസ് സി4-1883/2023 നം പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് വില്ലേജ് ഓഫീസിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>കൂടാതെ 06.07.2023 തിയതിയിലെ മാതൃഭൂമി, മലയാള മനോരമ പത്രത്തിലും വിജ്ഞാപനം പരസ്യപ്പെടുത്തിയിട്ടുമുണ്ട്.<br>അന്തിമ വിജ്ഞാപനം അനുസരിച്ചുള്ള നിരക്ക് സഞ്ചയയിൽ അപ്‌ലോഡ് ചെയ്തിട്ടില്ല. |
| <u>വസ്തു നികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും</u><br>പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണത്തിന് ബാധക മാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരി ക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കി നിശ്ചയിക്കാവുന്നതാണ്. | വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ചുവടെ പറയും പ്രകാരം മേഖലകൾ തീരുമാനിച്ചിട്ടുണ്ട്.<br>പ്രഥമ മേഖല<br>നന്ദിയോട് മുതൽ ചെട്ടിയാർ ചള്ള വരെയുള്ള PWD റോഡ്, തണ്ണീർപന്തൽ മുതൽ പാറക്കുളമ്പ് വരെയുള്ള PWD റോഡ്, പട്ടഞ്ചേരി ചന്ദനമൊക്ക് മുതൽ ആറാംപാടം പള്ളിമൊക്ക് വരെയുള്ള PWD റോഡ്, പള്ളത്താംപുള്ളി മുതൽ നെല്ലിമേട് വരെയുള്ള PWD റോഡ്, കന്നിമാരി മുതൽ കുറ്റിക്കൽ ചള്ള വരെയുള്ള PWD റോഡ്, അത്തിമണി മുതൽ തുരിശുമൊക്ക് വരെയുള്ള പഞ്ചായത്ത് റോഡ്, തുരിശുമൊക്ക് മുതൽ മേട്ടുകട വരെയുള്ള പഞ്ചായത്ത് റോഡ്, മേൽപറഞ്ഞ റോഡിനിരുവശവും ആയതിന്റെ 100 മീറ്റർ ചുറ്റളവിലുള്ള പ്രദേശം<br>ദ്വിതീയ മേഖല |

| | |
|---|---|
| | ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള പ്രഥമ മേഖല ഒഴികെയുള്ള മറ്റ് പ്രദേശങ്ങൾ.<br>04.07.2023 തിയതിയിൽ എസ് സി4-1883/2023 നം പ്രകാരം മേഖലകൾ വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. |

നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ പരിശോ ധന

അനധികൃത ഇളവുകൾ നൽകിയതായി കാണുന്നില്ല.

വിജ്ഞാപനങ്ങൾ പ്രകാരമുള്ള നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തൽ

എസ്.ആർ.ഒ നം. 100/2015 (സ.ഉ(അ) നം.36/2015/തസ്വഭവ തിയതി 24-02-2015), സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8-9-2020 എന്നീ ഉത്തരവുകൾ പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള പുരോഗതി

സഞ്ചയ ഡാറ്റ പ്രകാരം മൂന്ന് കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി മൂന്നിരട്ടി ഫീസ് ഈടാക്കി വരുന്നുണ്ട്. യു.എ രജിസ്റ്റർ പ്രകാരവും മൂന്ന് കെട്ടിടങ്ങളാണുള്ളത്.

കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല.

മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിവിലെ കാര്യക്ഷമത

ഗ്രാമപഞ്ചായത്ത് പരിധിയിൽ 9 മൊബൈൽ ടവറുകളാണ് പ്രവർത്തിക്കുന്നത്. ച.മീറ്ററിന് 400 രൂപ നിരക്കാണ് വസ്തു നികുതിയായി നിശ്ചയിച്ചിട്ടുള്ളത്. രണ്ട് മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയായുണ്ട്. കുടിശ്ശികയുടെ വിവരം താഴെ ചേർക്കുന്നു.

1. 14/1147 -റിലയൻസ് - 2013-14 മുതൽ കുടിശ്ശികയുണ്ട് - 227409 രൂപ കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്.

2. 11/36- -റിലയൻസ് - 2019-20 മുതൽ കുടിശ്ശികയുണ്ട് - 56098 രൂപ കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്. റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ലഭ്യമായിട്ടില്ല.

ILGMS ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയ (വസ്തു നികുതി) യിൽ ക്യാൻസൽ ചെയ്യപ്പെടാതിരിക്കൽ

ILGMS ൽ ക്യാൻസൽ ചെയ്ത ഏതാനും രസീതികളിലെ തുകകൾ സഞ്ചയയിലെ ഡാറ്റയുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചപ്പോൾ അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

| | | |
|---|---|---|
| → | | വസ്തു നികുതി പരിഷ്കരണ നടപടികളുടെ ഭാഗമായുള്ള ഫീൽഡ് വിസിറ്റ് ആരംഭിച്ച് ഫോറം 9ബി ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. |
| → | | ഭരണ സമിതി അംഗീകരിച്ച് അന്തിമമാക്കിയ വസ്തു നികുതിയുടെ പുതുക്കിയ നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്. |
| → | | അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| → | | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് |
| → | | ഓൺലൈൻ ആയി ഒടുക്കുന്ന വസ്തു നികുതി അക്കൗണ്ടിൽ വരുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ് തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |

1-12-1 സേവന നികുതി, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്ക് സർവ്വീസ് എന്നിവ ചുമത്തൽ

എ) സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നിവയുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ചട്ടം 27 പ്രകാരം വസ്തു നികുതിയിന്മേൽ താഴെ പറയുന്ന നിരക്കുകളിൽ കുറയാതെ സേവന ഉപനികുതി ഈടാക്കാവുന്നതാണ്.

1. ശുചിത്വ പരിപാലനം - 4%
2. ജല വിതരണം - 3%
3. തെരുവു വിളക്കുകൾ - 2%
4. ഡ്രൈനേജ് - 1%

വസ്തു നികുതി നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നീ നടപടിക്രമങ്ങൾ ആവശ്യമായ ഭേദഗതികളോടെ സേവന ഉപനികുതിയുടെ നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നിവയ്ക്കും ബാധകമാണെന്ന് ചട്ടം 28 ൽ വ്യക്തമാക്കിയിട്ടുണ്ട്.

വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനായി പുറപ്പെടുവിച്ച സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 പ്രകാരമുള്ള മാർഗ്ഗരേഖയിൽ നിലവിൽ സേവന ഉപനികുതി ചുമത്താത്ത ഗ്രാമപഞ്ചായത്തുകൾക്ക് സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ സേവന ഉപനികുതി ചുമത്തുന്നതിനുള്ള തീരുമാനം എടുത്തിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക, തെരുവു വിളക്കുകൾ കത്തിക്കുക എന്നീ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുവാൻ പ്രയാസം അനുഭവിക്കുന്ന ഗ്രാമപഞ്ചായത്തിന് സേവന ഉപനികുതിയുടെ സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്. സേവന ഉപനികുതി ചുമത്തുവാൻ അനുവദിക്കപ്പെട്ടിട്ടുള്ള നാല് മേഖലകളിൽ ഗ്രാമപഞ്ചായത്ത് തീരുമാനിക്കുന്ന മേഖലകളിൽ നിശ്ചിത നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്തിയാൽ ആ മേഖലകളിലെ സേവനം മെച്ചപ്പെടുത്തുവാനുള്ള അവസരം ലഭിക്കുന്നതാണ് എന്ന തിരിച്ചറിവോടെ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

ബി) കേന്ദ്ര സർക്കാരിന്റെ കെട്ടിടങ്ങളുടെ വസ്തു നികുതി യും സർവ്വീസ് ചാർജ്ജും

2011 ലെ കേരള പഞ്ചായത്ത്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നീ സേവനങ്ങൾക്കായി നിശ്ചിത നിരക്കിൽ സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്.

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ നിലവിലില്ല.

ഓഡിറ്റ് അന്വേഷണം നം. 9/16.08.2023 പ്രകാരം മേൽ വിഷയങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

1-12-2 എം.എസ്.എം.ഇ കളുടെ വസ്തു നികുതി നിർണ്ണയത്തിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്

വസ്തു നികുതി ചട്ടങ്ങൾ പ്രകാരം സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്ക് (MSME) പ്രത്യേകം നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 2022-2023 വർഷത്തിൽ 21 സ്ഥാപനങ്ങൾ റജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്നും അവയിൽ 5 എണ്ണം ഉൽപാദന മേഖലയിൽ ഉൾപ്പെട്ടതാണെന്ന് വ്യവസായ വകുപ്പിലെ ഇന്റേൺ അറിയിച്ചിട്ടുണ്ട്. സഞ്ചയ ഡാറ്റാബേസ് പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ MSME വിഭാഗത്തിൽ ഒരു കെട്ടിടത്തേയും ഉൾപ്പെടുത്തിയിട്ടില്ലെന്ന് കണ്ടു. അത്തരം കെട്ടിടങ്ങളെല്ലാം ഇതര വ്യവസായം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഈടാക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു.

ഇന്റേൺ ലഭ്യമാക്കിയ ഉത്പാദന മേഖലയിലെ ഏതാനും MSME കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | സഞ്ചയയിലെ പേര്/ വിലാസം | കെട്ടിടത്തിന്റെ ഉപയോഗ ക്രമം / നിരക്ക് | യഥാർത്ഥത്തിൽ നിശ്ചയിക്കേണ്ടത് |
|---|---|---|---|---|---|
| 1 | 11/604 | ഷിജു രാജൻ | രുഗ്മണി മുതൽ പേർ, തെക്കേകാട്, വണ്ടിത്താളം, വണ്ടിത്താവളം | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ ₹ 40 | ₹ 20 MSME |
| 2 | 16/556 | കൃഷ്ണജ പി | വേലപ്പൻ കെ, പെരിഞ്ചേരി, തത്തമംഗലം, തത്തമംഗലം | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ ₹ 50 | ₹ 20 MSME |
| 3 | 08/230 | മുഹമ്മദ് നവാസ് സുലൈമാൻ | ലതിക, കൃഷ്ണശ്രീ നിവാസ്, കനറത്തോട്, നന്ദിയോട് | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ ₹ 40 | ₹ 20 MSME |
| 4 | 15/167 | അരുൺ. എ | സി.ആർ മാധവൻ, ചെട്ടിത്തറ, പട്ടഞ്ചേരി, 678532 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ ₹ 30 | ₹ 20 MSME |
| 5 | 03/285 | ഷെയ്ക്ക മുസ്തഫ | ഷേക് മുസ്തഫ, പള്ളത്താംപുള്ളി, തത്തമംഗലം | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ ₹ 30 | ₹ 20 MSME |

കേന്ദ്ര സർക്കാരിന്റെ MSME Development Act, 2006 പ്രകാരം MSME മന്ത്രാലയത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും സാധനങ്ങൾ നിർമ്മിക്കുകയോ ഉത്പാദിപ്പിക്കുയോ സേവനങ്ങൾ നൽകുകയോ ചെയ്യുന്ന സ്ഥാപനങ്ങളെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്. വ്യവസായ സ്ഥാപനങ്ങളുടെ കൃത്യത ഉറപ്പാക്കുന്നതിനായി സ്ഥാപനങ്ങളുടെ ഉദ്യോഗ് ആധാർ മെമ്മോറാണ്ടം/ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ച് ഉറപ്പു വരുത്തി MSME വിഭാഗത്തിലെ കെട്ടിടങ്ങളെ യഥാർത്ഥ ഉപയോഗക്രമത്തിനു കീഴിൽ കൊണ്ടുവന്ന് അധിക നികുതി ഈടാക്കി വരുന്നത് ഒഴിവാക്കേണ്ടതാണ്.

ഇവയെ യഥാർത്ഥ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്താത്തിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

ഓഡിറ്റ് നിർദേശം

- MSME സ്ഥാപനങ്ങളെ യഥാർത്ഥ ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തി നിയമാനുസൃത ഫീസ് ഈടാക്കേണ്ടതാണ്

1-13 നികുതിയേതര വരവുകൾ - അവലോകനം

ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, വസ്തുവകകളിൽ നിന്നുള്ള ആദായം, രജിസ്ട്രേഷൻ ഫീസ്, വിവിധ ആസ്തികളുടെ ഉപയോഗത്തിനുള്ള ഫീസ്, പിഴ, പലിശ, മറ്റ് വരവുകൾ മുതലായ നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിൽ കൃത്യത പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1) വാടക

*കേരള പഞ്ചായത്ത് രാജ്( വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും ) ചട്ടങ്ങൾ, 2005
ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിൽ ആറ് കടമുറികൾ നിന്നും 2022-23 വർഷത്തിൽ 122939 രൂപ വരവായുണ്ട്.

കടമുറികളുടെ വാടക നിശ്ചയിക്കുന്നതിനായി ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങിയിട്ടില്ല.
(ഖ. 1-13-1 കാണുക)

എ) വാർഷിക വാടക വർദ്ധനവ്

ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ വാടകയ്ക്ക് എടുത്തിട്ടുള്ള അതേ വ്യക്തികൾക്കു തന്നെ ലേല നടപടികൾ കൂടാതെ ഓരോ വർഷവും തുടർന്ന് ഉപയോഗിക്കുവാൻ അനുവാദം നൽകുമ്പോൾ 5% വാർഷിക വാടക വർദ്ധനവ് വരുത്തുന്ന രീതിയാണ് തുടർന്ന് വരുന്നത്.

ബി) കുടിശ്ശിക ഈടാക്കൽ

വാടകയിനത്തിൽ 31920 രൂപ കുടിശ്ശികയുണ്ട്. വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

സി) സംവരണ തത്വം പാലിക്കൽ

കടമുറികൾ, ബങ്ക്, സ്റ്റാളുകൾ മുതലായവ വാടകയ്ക്കോ, പാട്ടത്തിനോ നൽകുമ്പോൾ പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗ വിഭാഗക്കാർക്ക് 10 ശതമാനവും അംഗപരിമിതർക്ക് (50% ൽ അധികം വൈകല്യം ഉള്ളവർക്ക്) 3 ശതമാനവും സംവരണം നൽകേണ്ടതാണ്. സംവരണം പാലിച്ചിട്ടുള്ളതായി അധികൃതർ അറിയിച്ചിട്ടുണ്ട്.

ഡി) വാടക പിരിവിനുള്ള സോഫ്റ്റ്‌വെയർ

ഐ.കെ.എം വികസിപ്പിച്ച സഞ്ചയ സോഫ്റ്റ്‌വെയറിൽ വാടക ഈടാക്കുന്നതിനുള്ള മോഡ്യൂൾ കൂടി ഉൾപ്പെടുത്തുവാൻ ലക്ഷ്യമിട്ടിരുന്നുവെങ്കിലും നാളിതുവരെ ആയത് പ്രാവർത്തികമായിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

- ബൈലോ രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.
- കുടിശ്ശിക ഈടാക്കേണ്ടതാണ്.

2) വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

- 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233, 233A, 233B, 233C, 234
- *1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും) ചട്ടങ്ങൾ*

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ 198 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിക്കുകയോ പുതുക്കി നൽകുകയോ ചെയ്തിട്ടുള്ളത്. ലൈസൻസ് ഫീസ് ഇനത്തിൽ ആകെ വരവ് 45250 രൂപയാണ്.

ലൈസൻസ് അനുവദിക്കുന്നതിലെ നടപടിക്രമങ്ങൾ വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ,

അപേക്ഷകൾ എന്നിവ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ) ലൈസൻസ് നടപടിക്രമങ്ങളിൽ അവ്യക്തതകൾ നിലനിൽക്കുന്നു

2017 ൽ നിയമത്തിലും ചട്ടങ്ങളിലും വരുത്തിയ ഭേദഗതികൾ പ്രകാരം കൂടുതൽ വിഭാഗങ്ങളിലുള്ള സ്ഥാപനങ്ങളെ ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയെങ്കിലും ചട്ടങ്ങളിലെ പട്ടിക-I ൽ 'ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്ന വിഭാഗത്തിൽപ്പെട്ട 159 സ്ഥാപനങ്ങൾ മാത്രമാണുള്ളത്. പട്ടിക-I ൽ മാറ്റങ്ങൾ വരുത്താതിരുന്നതിനാൽ പുതിയ വിഭാഗങ്ങളിൽപ്പെട്ട സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കാത്ത സാഹചര്യമാണുള്ളത്. ലൈസൻസ് നൽകുന്നതിലെ അവ്യക്തത പരിഹരിക്കുന്നതിനായി എല്ലാ വിഭാഗം സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി പട്ടിക-I സർക്കാർതലത്തിൽ പുതുക്കേണ്ടതുണ്ട്. ആയത് സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി പരിഹരിക്കേണ്ടതാണ്.

ബി) ഫീസ് ഘടനയിലെ അവ്യക്തത

1996ലെ ലൈസൻസ് ചട്ടങ്ങളിലെ പട്ടിക-II ലെ നിരക്കിൽ സ്ഥാപനങ്ങളുടെ വാർഷിക വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. 31-10-2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം 'വിറ്റു വരവ്' എന്നത് 'മൂലധന നിക്ഷേപം' (Investment) എന്നാക്കി മാറ്റുകയും പട്ടിക-II പുതുക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളെ മൈക്രോ, സ്മാൾ, മീഡിയം, ലാർജ് എന്നീ വിഭാഗങ്ങളാക്കി തിരിച്ച് ഉത്പാദനമേഖല, സേവനമേഖല എന്നിങ്ങനെ വേർതിരിക്കുകയും ചെയ്തു. സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തെ അടിസ്ഥാനമാക്കി 500 മുതൽ 15000 രൂപ വരെയുള്ള ലൈസൻസ് ഫീസാണ് നിശ്ചയിച്ചിട്ടുള്ളത്. പട്ടികയിൽ നൽകിയിട്ടുള്ള തുക, ഈടാക്കാവുന്ന ഫീസിന്റെ പരമാവധിയാണ്. വ്യത്യസ്ഥ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ഥ നിരക്കിൽ ഫീസ് ഈടാക്കാവുന്നതാണെങ്കിലും സ്ലാബ് തിരിച്ച് ഈടാക്കാവുന്ന നിരക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടില്ല.

സി) അപേക്ഷാ ഫോറം ചട്ടത്തിന്റെ ഭാഗമാക്കിയില്ല

സ്ഥാപനങ്ങളുടെ പുതുക്കിയ ഫീസ് ഘടനയ്ക്കനുസരിച്ചുള്ള പുതുക്കിയ അപേക്ഷാ ഫോറം ഭേദഗതി ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് അവ്യക്തതകൾക്ക് കാരണമായിട്ടുണ്ട്.

ഡി) മെഷിനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ്

വൈദ്യുതി കൊണ്ടോ, അല്ലാതെയോ പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും ഉപയോഗിക്കുന്നതിനും ചട്ടങ്ങളിലെ യഥാക്രമം പട്ടിക-III, പട്ടിക-IV എന്നിവ പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണ്. ധാരാളം സ്ഥാപനങ്ങൾ വൈദ്യുതി കൊണ്ടുള്ള മോട്ടോർ ഉപയോഗിച്ച് പ്രവർത്തിക്കുന്നുണ്ടെങ്കിലും പട്ടികകളിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ഫീസ് ഈടാക്കുന്നില്ല. ആയതിനാൽ ഫീസിനത്തിൽ നഷ്ടമുണ്ടാകുന്നതോടൊപ്പം ലൈസൻസ് ഇല്ലാതെ മോട്ടോറുകൾ പ്രവർത്തിക്കുന്ന സ്ഥിതിവിശേഷവും ഉണ്ടാകുന്നുണ്ട്.

ഉദാ. കെട്ടിട നം. 16/16-പ്രീമിയർ വുഡ് ഇൻഡസ്ട്രീസ് , മോട്ടോർ – 76 HP (സോമിൽ ലൈസൻസിൽ 76 HP എന്ന് കാണിച്ചിട്ടുണ്ട്). അപേക്ഷയിൽ HP എത്രയെന്ന് കാണിക്കുകയോ ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല.

ഇ) ലൈസൻസ് പുതുക്കൽ

2017ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരം ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തനകം (Within Thirty Days Before The End Of An Year) പട്ടിക II പ്രകാരമുള്ള ഫീസും അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രവും ലഭ്യമാക്കിയാൽ ചട്ടങ്ങൾ പ്രകാരം അനുവദിച്ചിട്ടുള്ള ഏതൊരു ലൈസൻസും പുതുക്കി നൽകാവുന്നതാണ്. ഏതാനും അപേക്ഷകളോടൊപ്പം മറ്റ് രേഖകളും വാങ്ങി സൂക്ഷിച്ചിട്ടുള്ളതായി കണ്ടു.

എഫ്) കേരള സൂക്ഷ്മ -ചെറുകിട -ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്, 2019 പ്രകാരമുള്ള മാറ്റങ്ങളും ലൈസൻസും

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ (എം.എസ്.എം.ഇ) സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും പരിശോധനകളിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനുമുള്ള *കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട്, 2019* പുറപ്പെടുവിച്ചിട്ടുണ്ട്. *കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങൾ, 2020* ഉം പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള മലിനീകരണ നിയന്ത്രണ ബോർഡ്, 'റെഡ് കാറ്റഗറി' വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരാളും ഫോറം-I ൽ നോഡൽ ഏജൻസി മുമ്പാകെ സ്വയം സാക്ഷ്യപത്രം(Self Certification) സമർപ്പിച്ചാൽ ഒരു കൈപ്പറ്റ് സാക്ഷ്യപത്രം (Acknowledgement Certificate) ലഭിക്കുന്നതാണ്. സാക്ഷ്യപത്രത്തിന് മൂന്നു വർഷം വരെ പ്രാബല്യമുണ്ടാകുന്നതാണ്. മൂന്ന് വർഷക്കാലയളവിനുള്ളിൽ, ഏതെങ്കിലും സംസ്ഥാന നിയമത്തിൻകീഴിൽ ആവശ്യമായ ലൈസൻസുകളും അനുവാദങ്ങളും അംഗീകാരങ്ങളും ക്ലിയറൻസുകളും രജിസ്ട്രേഷനുകളും അനുമതികളും നിരാക്ഷേപ പത്രങ്ങളും സമാനമായവയും നൽകുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനം, അംഗീകാരം നൽകുന്നതിന്റെ ആവശ്യത്തിലേക്കായോ, അതുമായി ബന്ധപ്പെട്ടോ മറ്റേതെങ്കിലും പരിശോധന നടത്തുവാൻ പാടുള്ളതല്ല.

- അത്തരം സ്ഥാപനങ്ങൾക്ക് വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിൽ നിയമത്തിൽ ഇളവ് നൽകിയിട്ടില്ല. ഈ വിഷയത്തിൽ തുടർനിർദ്ദേശങ്ങൾ ലഭ്യമാകാത്തതിനാൽ അവ്യക്തത നിലനിൽക്കുന്നുണ്ട്. അവ്യക്തത പരിഹരിക്കുവാൻ സർക്കാർതലത്തിൽ നിർദ്ദേശങ്ങൾ ഉണ്ടാകേണ്ടതുണ്ട്. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി പരിഹരിക്കേണ്ടതാണ്.

ജി) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കൽ

സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണമാണ്. റേഷൻ കടകൾ പോലുള്ള സ്ഥാപനങ്ങൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ലൈസൻസ് ഫീസ് ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത്.

എച്ച്) ഡിമാന്റിന്റെ പൂർണ്ണത

സഞ്ചയയിലെ ഡാറ്റ പ്രകാരം 549 വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങൾ അസസ്സ് ചെയ്തിട്ടുണ്ടെങ്കിലും 198 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളു എന്ന് കണ്ടെത്തി. വസ്തു നികുതി ഒടുക്കുന്ന ഗാർഹികേതര സ്ഥാപനങ്ങളുടെ കണക്കും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ കണക്കും പൊരുത്തപ്പെടാത്ത സാഹചര്യം നിലവിലുണ്ട്.

ഐ) ഫാക്ടറി, വർക്ക് ഷോപ്പ് , പണിസ്ഥലം എന്നിവ ചട്ടവിരുദ്ധമായി പ്രവർത്തിക്ക ൽ

കൈപ്പറ്റ് സാക്ഷ്യപത്രം ഇല്ലാത്ത MSME സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ഖ. 1-13-2 കാണുക)

ലൈസൻസ് ഇല്ലാത്ത/ചട്ടങ്ങൾ ലംഘിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരം നൽകിയിട്ടുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

ജെ) ലൈസൻസിനായുള്ള ഓൺലൈൻ സംവിധാനം

സഞ്ചയ സോഫ്റ്റ്വെയറിൽ ലൈസൻസ് നടപടികൾ കൈകാര്യം ചെയ്യുന്നതിനുള്ള മോഡ്യൂൾ കൂടി ഉൾപ്പെടുത്തുവാൻ ലക്ഷ്യമിട്ടിട്ടുണ്ടെങ്കിലും നാളിതുവരെ ആയത് പ്രാവർത്തികമാക്കിയിട്ടില്ല. അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുവാനും ഫീസ് ഓൺലൈൻ ആയി ഒടുക്കുവാനുമുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

| | | |
|---|---|---|
| → | | ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി പുതുക്കിയ പട്ടിക-1 പുറപ്പെടുവിക്കുന്നതിനായി സർക്കാർ തലത്തിൽ നടപടികൾ ആവശ്യമായതിനാൽ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരേണ്ടതാണ്. |
| → | | ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷാ ഫോറം ചട്ടത്തിന്റെ ഭാഗമായി പുറപ്പെടുവിക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ ആവശ്യമായതിനാൽ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരേണ്ടതാണ്. |
| → | | വാർഡ് അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഫീൽഡ് തല പരിശോധനയിലൂടെ ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്. |
| → | | ലൈസൻസ് എടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. |
| → | | ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടപ്രകാരമുള്ള രേഖകൾ മാത്രം ആവശ്യപ്പെടേണ്ടതാണ്. |

3) മറ്റ് ലൈസൻസുകൾ

A) പന്നികൾക്കും പട്ടികൾക്കും ലൈസൻസ്

- കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 1998 പ്രകാരം പന്നികളേയും പട്ടികളേയും വളർത്തുന്നതിനുള്ള നിയന്ത്രണത്തിനായി ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

അപേക്ഷാ ഫീ : 50 രൂപയായി പുതുക്കിയിട്ടുണ്ട്. ഈ ഇനത്തിൽ 1260 രൂപയാണ് വരവുള്ളത്. നിലവിലെ സാഹചര്യത്തിൽ എല്ലാ വളർത്തു നായ്ക്കൾക്കും ലൈസൻസ് അനുവദിക്കുന്നത് നിർബന്ധമാക്കേണ്ടതാണ്.

B) ലൈവ്സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ്

- കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 2012 പ്രകാരം ലൈസൻസ് ഇനത്തിൽ വരവൊന്നുമില്ല.

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ലൈവ്സ്റ്റോക്ക് ഫാമുകളെല്ലാം കൃത്യമായ ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് അധികൃതർ ഉറപ്പാക്കേണ്ടതാണ്.
മറ്റ് ലൈസൻസുകളിൽ നിന്നും വരവൊന്നുമില്ല.

4) കെട്ടിട നിർമ്മാണം, ഭൂവികസനം - പെർമിറ്റ് അനുവദിക്കൽ

തൻവർഷം 141 അപേക്ഷകൾ പെർമിറ്റിനായി ലഭ്യമായതിൽ 111784 രൂപ പെർമിറ്റ് ഫീസ് ആയി ഈടാക്കിയിട്ടുണ്ട്. റഗുലറൈസേഷനു വേണ്ടി 82 അപേക്ഷകൾ ലഭ്യമായതിൽ ഫീസ് 112301 രൂപ റഗുലറൈസേഷൻ ഫീസ് ഇനത്തിൽ ലഭ്യമായിട്ടുണ്ട്.
സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

A) സർക്കാരിലേക്കുള്ള റിപ്പോർട്ട്, വിജിലൻസ് സംവിധാനം

കണ്ടുപിടിക്കപ്പെട്ട അനധികൃത നിർമ്മാണങ്ങളുടെ എണ്ണവും സ്വീകരിച്ച നടപടികളും തീർപ്പാക്കുവാൻ അവശേഷിക്കുന്ന ക്രമവത്ക്കരണത്തിനുള്ള അപേക്ഷകൾ മുതലായ വിവരങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് ഓരോ മൂന്ന് മാസം കൂടുമ്പോഴും സെക്രട്ടറി സർക്കാരിലേക്ക് അയയ്ക്കേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ നിഷ്കർഷിച്ചിട്ടുണ്ട്. അത്തരത്തിലുള്ള റിപ്പോർട്ട് കൃത്യമായി നൽകുന്നില്ല. ചട്ടം 105 പ്രകാരമുള്ള വിജിലൻസ് സംവിധാനവും കാര്യക്ഷമമല്ല.
ആവശ്യമായ പരിശോധന നടത്തി സർക്കാരിലേക്ക് റിപ്പോർട്ട് നൽകുവാനും പരിശോധനാ സംവിധാനം കാര്യക്ഷമമാക്കുവാനും നടപടികൾ ഉണ്ടാകേണ്ടതാണ്.

5) സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ

എന്നിവയുടെ രജിസ്ട്രേഷൻ

സ്വകാര്യ ആശുപത്രികൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ രജിസ്ട്രേഷൻ ആവശ്യമാണ്. അത്തരത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നും തൻവർഷം വരവൊന്നുമില്ല.

6) മറ്റ് വരവുകൾ

A) വാതക ശ്മശാനം

ഗ്രാമപഞ്ചായത്തിന്റെ വാതകശ്മശാനത്തിൽ നിന്നുള്ള തൻവർഷത്തെ വരവാണ് മറ്റു വരവുകളിൽ പ്രധാനമായിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായ വാതകശ്മശാനത്തിന്റെ നടത്തിപ്പ് ചെലവുകൾ വരവിനേക്കാൾ അധികരിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. വാതകശ്മശാനത്തിന്റെ വരവ് ചെലവുകൾ, പരിപാലനം എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണം ചുവടെ ചേർക്കുന്നു.

2019 ഓഗസ്റ്റ് മുതൽക്കാണ് വാതകശ്മശാനത്തിന്റെ പ്രവർത്തനം ആരംഭിച്ചത്. 3000 രൂപയാണ് ക്രിമറ്റോറിയം ഫീസായി നിശ്ചയിച്ചിട്ടുള്ളത്. 2021 ൽ സ്ഥാപിച്ച രണ്ട് ഫർണസുകൾ ഉൾപ്പെടെ മൂന്ന് ഫർണസുകളാണ് നിലവിലുള്ളത്. നിലവിൽ ഒരു ദിവസം 18 (3*6=18) മൃതശരീരങ്ങൾ ദഹിപ്പിക്കുന്നതിനുള്ള ശേഷി വാതകശ്മശാനത്തിനുണ്ട്.

| സാമ്പത്തിക വർഷം | വരവ് (രൂപ ) |
|---|---|
| 2022-23 | 1758000 |

ക്രിമറ്റോറിയത്തിന്റെ ചെലവ്

| ചെലവിനം | തുക |
|---|---|
| ഇലക്ട്രിസിറ്റി ചാർജ് | 39369 |
| എൽ.പി.ജി | 1095678 |
| ജീവനക്കാരുടെ വേതനം (പ്രതിമാസം- 10500 രൂപ -2 ജീവനക്കാർ)<br>ജൂലൈ വരെ 10500*4=42000 (42000*2=84000) (പ്രതിമാസം 15000 രൂപ 2 ജീവനക്കാർ)<br>ആഗസ്റ്റ് മുതൽ മാർച്ച് വരെ 15000*8=120000(120000*2=240000) | 324000 |
| ആകെ | 1459047 |

നിലവിൽ വാതകശ്മശാനത്തിന്റെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന് ബാധ്യത സൃഷ്ടിക്കുന്നില്ല. പരിപാലനം കാര്യക്ഷമമാക്കി പൊതുജനസേവനം മെച്ചപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ ഉണ്ടാകേണ്ടതാണ്.

ബി) മിസലേനിയസ്

കാലഹരണപ്പെട്ട ആസ്തികൾ വില്പന നടത്തിയതിൽ 126255 രൂപയും ലഭ്യമായിട്ടുണ്ട്.

ഭൂമി, കുളങ്ങൾ, പുറമ്പോക്കുകൾ, ബങ്ക്, സ്റ്റാളുകൾ, ഫലവൃക്ഷങ്ങൾ, കംഫർട്ട് സ്റ്റേഷനുകൾ, യന്ത്രോപകരണങ്ങൾ മുതലായവയിൽ നിന്നും വരവൊന്നുമില്ല.

പരിമിതമായ വരുമാനമാർഗ്ഗങ്ങൾ മാത്രമുള്ള പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ സാധ്യമായ എല്ലാ മാർഗ്ഗങ്ങളിൽ നിന്നും വരുമാനം ലഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 22/16.08.2023 പ്രകാരം മേൽവിഷയം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

1-13-1 വാടക - രേഖകളുടെ പരിശോധനയിലെ കണ്ടെത്തലുകൾ

1. വാടകയുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കേണ്ടതാണ്

വാടക രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ പ്രകാരം ഷോപ്പിംഗ് കോംപ്ലക്സിൽ 5 കടമുറികൾ നിന്നും വാടകയിനത്തിൽ 122939 രൂപ വരവുണ്ട്. വാടകയ്ക്ക് നൽകുന്നതിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തി

ബൈലോ തയ്യാറാക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത്‌രാജ് ആക്റ്റിന്റെ വകുപ്പ് 256, 1995 ലെ കേരള പഞ്ചായത്ത് രാജ്(ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5, 6, 7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത എന്നിവ ചോദ്യം ചെയ്യപ്പെടാവുന്നതാണ്.

മുറികൾ വാടകക്കു നൽകുന്നത് സംബന്ധിച്ച നിയമാവലി തയ്യാറാക്കി സർക്കാരിൽ നിന്നും (അധികാരപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും) അംഗീകാരം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബൈലോ തയ്യാറാക്കാത്തതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

2) വാടകയ്ക്ക് നൽകിയ വ്യക്തികളുമായി ഓരോ വർഷവും എഗ്രിമെന്റ് ചമച്ചിട്ടുണ്ടെങ്കിലും വ്യവസ്ഥകൾ ഒന്നും രേഖപ്പെടുത്തുന്നില്ല ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം(20/16.08.2023) നൽകിയതിന് മറുപടിയായി അംഗീകൃത ബൈലോ തയാറാക്കി സൂക്ഷിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ വാടകക്കാരിൽ നിന്ന് ഉടൻ കരാർ എഴുതി വാങ്ങി സൂക്ഷിക്കാമെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദേശം

അംഗീകൃത ബൈലോ തയാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

കടമുറികളുടെ വാടകക്കാരുമായി ആവശ്യമായ നിബന്ധനകളോടുകൂടിയ കരാർ ചമയ്ക്കേണ്ടതാണ്.

## 1-13-2 എം.എസ്.എം.ഇ കൾ ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്

വ്യവസായ വകുപ്പിൽ നിന്നും ലഭ്യമായ MSME കളുടെ ഡാറ്റ ലൈസൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചപ്പോൾ ഏതാനും MSME കൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതായി കണ്ടെത്തി.

ഉദാ.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | സഞ്ചയയിലെ പേര്/ വിലാസം | കെട്ടിടത്തിന്റെ ഉപയോഗ ക്രമം |
|---|---|---|---|---|
| 1 | 15/167 | അരുൺ. എ | സി.ആർ മാധവൻ, ചെട്ടിത്തറ, പട്ടഞ്ചേരി, 678532 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ |
| 2 | 03/285 | ഷെയ്ക്ക മുസ്തഫ | ഷേക് മുസ്തഫ, പള്ളത്താംപുള്ളി, തത്തമംഗലം | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ |

ഇത്തരത്തിൽ ഉള്ള എല്ലാ കെട്ടിടങ്ങളേയും ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ആവശ്യമാണ്.

ഓഡിറ്റ് അന്വേഷണം നം(14/11.08.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദേശം

- ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉള്ള MSME വ്യവസായ സ്ഥാപനങ്ങൾക്ക്, സർക്കാർ അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും നിയമാനുസൃതമായ ലൈസൻസ് ഫീസ് ഈടാക്കേണ്ടതുമാണ്.

തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി - അവലോകനം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204, 205, 205എ മുതൽ 205കെ വരെയുള്ള വകുപ്പുകൾ എന്നിവയിലാണ് തൊഴിൽ നികുതിയെക്കുറിച്ച് പ്രതിപാദിക്കുന്നത്. വകുപ്പ് 204 ലെ ഉപവകുപ്പ് (1) പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് വിധേയമായി ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധ വർഷവും അറുപതു ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടേയും; ആകെ കൂടി അറുപതു ദിവസത്തിൽ കുറയാതെ ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ഒരു പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിന് വെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ, മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി )ചട്ടങ്ങൾ, 1996 പുറപ്പെടുവിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലേയും പിരിച്ചെടുക്കുന്നിലേയും കാര്യക്ഷമത പരിശോധിക്കുക എന്ന ലക്ഷ്യത്തോടെ ഡിമാന്റ് രജിസ്റ്ററുകൾ, സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള അർദ്ധ വാർഷിക റിട്ടേണുകൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സുകൾ മുതലായ രേഖകൾ മുൻനിർത്തി പരിശോധിക്കുകയുണ്ടായി.

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ 55 സ്ഥാപനകളിലെ ജീവനക്കാരിൽ നിന്നാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിട്ടുള്ളത്.

<u>വാർഷിക കണക്ക് പ്രകാരമുള്ള തൊഴിൽ നികുതി വരവ്</u>

ജീവനക്കാരുടെ തൊഴിൽ നികുതി -961525 രൂപ

സ്ഥാപനം/ട്രേഡേഴ്സിന്റെ തൊഴിൽ നികുതി - 166880 രൂപ

ആകെ - 1128405 രൂപ

തൊഴിൽ നികുതി പിരിവിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

എ) ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ, വ്യക്തിയോ ഒരു അർദ്ധ വർഷത്തേക്ക് തൊഴിൽ നികുതി കൊടുക്കേണ്ടതാണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം തുടർന്നുള്ള അർദ്ധ വർഷത്തിൽ ഒരു നോട്ടീസ് പ്രകാരം പതിനഞ്ചു ദിവസത്തിനുള്ളിൽ ഒരു റിട്ടേൺ സമർപ്പിക്കമെന്ന് ആവശ്യപ്പെടാവുന്നതാണ്. സമർപ്പിക്കപ്പെടുന്ന റിട്ടേണിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ചട്ടം 14, 16 എന്നിവ പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജീവനക്കാരുടെ പേരുവിവരം ശമ്പളത്തിന്റെ സ്റ്റേറ്റ്മെന്റ് സഹിതം സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.

നോട്ടീസ് നൽകുക, ജീവനക്കാരുടെ വിവരം ആവശ്യപ്പെടുക എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബേസ് സൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററിന്റെ ആദ്യ ഭാഗത്ത് രേഖപ്പെടുത്തുന്ന സ്ഥാപനങ്ങളുടെ പട്ടികയെ അടിസ്ഥാനമാക്കിയാണ് ഓരോ അർദ്ധ വർഷത്തിലും നികുതി ഡിമാന്റ് ചെയ്യുന്നത്.

ലൈസൻസ് ഉള്ള സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടോ എന്ന് രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെടാത്ത സ്ഥിതിവിശേഷവും നിലവിലുണ്ട്.

വിവര ശേഖരണത്തോടൊപ്പം തൊഴിൽ വകുപ്പ്, വ്യവസായ വകുപ്പ്, ജി.എസ്.ടി വകുപ്പ്, തൊഴിലാളി ക്ഷേമനിധി ബോർഡ്, വ്യാപാരി വ്യവസായി സംഘടനകൾ മുതലായ സ്ഥാപനങ്ങൾ മുഖേന കമ്പനികളുടേയും തൊഴിലാളികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്.

*എല്ലാ സ്ഥാപനങ്ങളുടേയും വിവരം രേഖപ്പെടുത്തിയ ഡാറ്റാബേസ് തയ്യാറാക്കേണ്ടതും ആയത് കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.*

ബി) സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വരുമാനം സംബന്ധിച്ച വിവര ശേഖരണം

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം (വകുപ്പ് 205ബി) ഏതെങ്കിലും ഹോട്ടലിന്റേയോ, ബോർഡിംഗിന്റേയോ, ലോഡ്ജിംഗ് ഹൗസിന്റേയോ, ക്ലബ്ബിന്റേയോ നടത്തിപ്പുകാരോട് താമസക്കാരുടെ തൊഴിൽ, കല മുതലായവയുടെ വിവരം ആവശ്യപ്പെടാവുന്നതാണ്. ചട്ടം 14 എന്നിവ പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ ജീവനക്കാരുടെ പേരുവിവരം സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ് (വകുപ്പ് 205 സി). ചട്ടം 16 തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ, ശമ്പളത്തേയോ സംബന്ധിച്ച വിവരം ആവശ്യപ്പേടണ്ടതും തുടർന്ന് വിവിധ നടപടിക്രമങ്ങൾ പാലിച്ച് ചട്ടം 18 പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്.

തൊഴിൽ നികുതിയുടെ ആവശ്യത്തിനായി രണ്ട് അർദ്ധ വർഷങ്ങളിലും ഡിമാന്റ് നോട്ടീസ് നൽകുന്നതിനു മുമ്പായി ചട്ടങ്ങൾ പ്രകാരമുള്ള വിവരശേഖരണം ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടില്ല.

സി) ഡിമാന്റ് നോട്ടീ സ് നൽകുന്നതിലെ കാര്യക്ഷമത

ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന പട്ടിക പ്രകാരം സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകുന്ന രീതിയാണ് തുടർന്നു വരുന്നത്. ഏതെങ്കിലും സ്ഥാപനങ്ങളോ ജീവനക്കാരോ ഡിമാന്റിൽ നിന്നും വിട്ടുപോയിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിനായി ശാസ്ത്രീയ രീതികൾ അവലംബിക്കുന്നില്ല. റേഷൻ കടകൾ, MSME കൾ മുതലായ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നികുതി ഡിമാന്റ് ചെയ്തിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.

ഡി) സമർപ്പിച്ചിട്ടുള്ള വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കൽ

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി സെക്ഷനിൽ റിട്ടേണുകളുടെ പൊതുവായ വിലയിരുത്തൽ മാത്രമാണ് നടക്കുന്നത്. വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കുന്നതിനായി സ്ഥാപന സന്ദർശനം നടത്തി സ്ഥാപനത്തിലെ രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചതായി കാണുന്നില്ല.

ഇ) പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സ് (Presumptive Profession Tax ) – നിശ്ചിത തുക ഈടാ ക്കുന്നതിന് നിയമ തടസ്സം

സ്വന്തമായി ജോലി ചെയ്യുന്ന വ്യക്തികളെ തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടു വരിക എന്നതാണ് പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സ.ഉ(അ)നം.143/2008 /തസ്വഭവ തിയതി 27-05-2008 പ്രകാരം അഭിഭാഷകർ, ഗ്രാമപഞ്ചായത്തുകളിലെ സ്വകാര്യ ഡോക്ടർമാർ, വൈദ്യൻമാർ, പാരാ മെഡിക്കൽ വിദഗ്ധർ, മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നിവർക്കുള്ള തൊഴിൽ നികുതി നിരക്ക് നിശ്ചയിച്ച് ഉത്തരവായിരുന്നു. പ്രൊഫഷണലുകളെ കൂടാതെ സ്വന്തമായി ജോലി ചെയ്യുന്ന വ്യക്തികളെ കൂടി തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിരുന്നു.

മേൽ ഉത്തരവനുസരിച്ച് തൊഴിൽ നികുതി ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാതിരുന്നത് നിയമ പ്രശ്നങ്ങൾക്കിടയാക്കിയിട്ടുണ്ട്. പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സ് ഏർപ്പെടുത്തിയ നടപടിക്ക് നിയമപരമായ സാധുത നൽകേണ്ടതാണെന്ന് WP(C)നം.26260 Of 2008(A) നമ്പർ കേസിന്റെ 20-11-2009 ലെ വിധിയിൽ ബഹു.ഹൈക്കോടതി അഭിപ്രായപ്പെടുകയും ഉത്തരവ് മരവിപ്പിക്കുകയും ചെയ്തു. ആയതിനുശേഷം നാളിതുവരെ 1996ലെ തൊഴിൽ നികുതി ചട്ടങ്ങളിൽ ഉചിതമായ ഭേദഗതി വരുത്തിയതായി കാണുന്നില്ല.

നിലവിൽ, സ്വന്തമായി ജോലി ചെയ്യുന്ന വ്യക്തികളിൽ നിന്നും പ്രൊഫഷണലുകളിൽ നിന്നും ഗ്രാമപഞ്ചായത്തിന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കാവുന്നതാണെങ്കിലും അത്തരത്തിൽ പ്രൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ തുകയൊന്നും വരവില്ല എന്ന് രേഖകളുടെ പരിശോധനയിൽ

ബോധ്യപ്പെട്ടു.

തൊഴിൽ നികുതിയായി നിശ്ചിത തുക ഈടാക്കുവാൻ 1996ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ ആവശ്യമാണെന്നാണ് ഇത് വ്യക്തമാക്കുന്നത്. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി പരിഹാരം തേടുന്നത് ഉചിതമായിരിക്കും.

ചട്ടങ്ങളിൽ ഭേദഗതി പരിഗണിക്കുമ്പോൾ പുതിയ സാഹചര്യം കൂടി കണക്കിലെടുത്ത് കൂടുതൽ സ്ഥാപനങ്ങളേയും വ്യക്തികളേയും പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സിന്റെ പരിധിയിൽ കൊണ്ടു വരാവുന്നതാണ്.

എഫ് ) തൊഴിൽ നികുതി പിരിവിലെ പ്രായോഗിക പ്രശ്നങ്ങൾ

I. അർദ്ധ വാർഷിക വരുമാനത്തിന്റെ  പരമാവധി തുക

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളില ചട്ടം 3(2) പ്രകാരം ഗ്രാമപഞ്ചായത്തിന് ഓരോ സ്ലാബിലും ഈടാക്കാവുന്ന പരമാവധി തുകയാണ് പട്ടികയിൽ നൽകിയിട്ടുള്ളത്. പരമാവധിയിൽ കുറവ് തുക ഈടാക്കുന്നതിന് തടസ്സമില്ലെങ്കിലും ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളും പട്ടികയിലെ പരമാവധി തുക തന്നെയാണ് ഈടാക്കി വരുന്നത്.

Ii. ടേണോവ ർ കണക്കാക്കൽ

ചട്ടം 6, 7, 8 എന്നിവ പ്രകാരം കമ്പനികളുടെ ടേണോവർ കണക്കാക്കി തൊഴിൽ നികുതി നിർണ്ണയിക്കുന്നതിൽ സങ്കീർണ്ണത ഉള്ളതായി വിലയിരുത്തുന്നു. സ്ഥാപനങ്ങളിൽ നിന്നും പരമാവധി തുകയായ 1250 രൂപ ഈടാക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. ടേണോവർ എത്രയെന്ന് പൊതുവെ, സ്ഥാപനങ്ങൾ റിട്ടേണിൽ രേഖപ്പെടുത്തുകയോ ആയതിന്റെ കൃത്യത ഗ്രാമപഞ്ചായത്ത് പരിശോധിക്കുകയോ ചെയ്യുന്നില്ല.

കമ്പനികളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനായി സങ്കീർണ്ണതയില്ലാത്ത മറ്റേതെങ്കിലും മാനദണ്ഡം  അവലംബിക്കാവുന്ന വിധത്തിൽ ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാണെന്നാണ് ഇത് വ്യക്തമാക്കുന്നത്. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി പരിഹാരം തേടുന്നത് ഉചിതമായിരിക്കും.

ജി) തൊഴിൽ നികുതിയുടെ കമ്പ്യൂട്ടറൈസേഷൻ

എസ്.ആർ.ഒ നം. 612/2017 തിയതി 31-10-2017 പ്രകാരം തൊഴിൽ നികുതി ചട്ടങ്ങളിൽ ചട്ടം 14എ കൂട്ടിച്ചേർത്തിട്ടുണ്ട്. ആയതനുസരിച്ച് തൊഴിൽ നികുതി ഈടാക്കി ഒടുക്കുവാൻ ബാധ്യസ്ഥരായ ഉദ്യോഗസ്ഥർക്ക് ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനും സെക്രട്ടറി നൽകുന്ന യൂസർ നെയിം, പാസ്‌വേർഡ് എന്നിവ ഉപയോഗിച്ച് തൊഴിൽ നികുതി ഓൺലൈൻ ആയി ഒടുക്കുന്നതിനുമുള്ള പോർട്ടൽ രൂപീകരിക്കുവാനുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. നാളിതുവരെ അത്തരത്തിലൊരു സംവിധാനം നിലവിൽ വന്നിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയറിൽ തൊഴിൽ നികുതി കൈകാര്യം ചെയ്യുന്നതിനുള്ള മോഡ്യൂൾ കൂടി വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും ആയതിനുള്ള മോഡ്യൂൾ സഞ്ചയയിൽ നാളിതുവരെ ഉൾപ്പെടുത്തിയിട്ടില്ല.
ചട്ടങ്ങളിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ ഉണ്ടായിട്ടും അത്തരത്തിലുള്ള സംവിധാനം ഏർപ്പെടുത്താത്തത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തേണ്ടതാണ്.

എച്ച് ) ഡിമാന്റ് രജിസ്റ്ററിന്റെ സൂക്ഷിപ്പ്

ഡിമാന്റ് രജിസ്റ്ററിലെ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

ഐ) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ  ഇടപെടൽ

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, നികുതി പിരിവിന്മേൽ പൊതുവായ വിലയിരുത്തൽ മാത്രമാണ് നടത്തുന്നുണ്ട്. ഓരോ അർദ്ധ വർഷവും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനു മുമ്പായി പാലിക്കേണ്ട

നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളും ജീവനക്കാരും തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഉറപ്പാക്കുന്ന തരത്തിലുള്ള പരിശോധനകൾ ഉണ്ടാകുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ കാര്യക്ഷമമായ ഇടപെടൽ നടത്തേണ്ടതാണ്.

ഈ വിഷയത്തിൽ നിലനിൽക്കുന്ന അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം(16/11.08.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

1-14-1 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ

എ) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘങ്ങൾ, ബാങ്ക് എന്നീ സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 21/16.08.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | നന്ദിയോട് ക്ഷീര സഹകരണ സംഘം | I&II |
| 2 | ആറ്റാഞ്ചേരി ക്ഷീര സഹകരണ സംഘം | I&II |
| 3 | പട്ടഞ്ചേരി ക്ഷീര സഹകരണ സംഘം | I&II |
| 4 | തണ്ണീർപന്തൽ ക്ഷീര സഹകരണ സംഘം | I&II |
| 5 | പട്ടഞ്ചേരി റൂറൽ ക്രെഡിറ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി | I&II |
| 6 | പട്ടഞ്ചേരി സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | I&II |
| 7 | കാനറാ ബാങ്ക് | II |

ഓഡിറ്റ് നിർദേശം

സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ബി) MSME യിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

വ്യവസായ വകുപ്പിൽ നിന്നും ലഭ്യമായ MSME കളുടെ ഡാറ്റ, തൊഴിൽ നികുതി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചപ്പോൾ ഏതാനും MSME കളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | സഞ്ചയയിലെ പേര്/ വിലാസം | വിഭാഗം |
|---|---|---|---|---|
| 1 | 11/604 | ഷിജ്ജ രാജൻ | രുഗ്മണി മുതൽ പേർ, തെക്കേകാട്, വണ്ടിത്താളം, വണ്ടിത്താവളം | MSME |
| 2 | 16/556 | കൃഷ്ണജ പി | വേലപ്പൻ കെ, പെരിഞ്ചേരി, തത്തമംഗലം, തത്തമംഗലം | MSME |
| 3 | 08/230 | മുഹമ്മദ് നവാസ് സുലൈമാൻ | ലതിക, കൃഷ്ണശ്രീ നിവാസ്, കനറത്തോട്, നന്ദിയോട് | MSME |
| 4 | 15/167 | അരുൺ. എ | സി.ആർ മാധവൻ, ചെട്ടിത്തറ, പട്ടഞ്ചേരി, 678532 | MSME |
| 5 | 03/285 | ഷെയ്ക്ക മുസ്തഫ | ഷേക് മുസ്തഫ, പള്ളത്താംപുള്ളി, | MSME |

| | | | | |
|---|---|---|---|---|
| | | | തത്തമംഗലം | |

മേൽ വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് നിർദേശം

. MSME സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാവുന്നതാണ്.

## 1-15 തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ഇല്ലാതെ മെയിന്റനൻസ് നടത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നം/ പേര് | 100/23, സ്ട്രീറ്റ് ലൈറ്റ് AMC |
| അടങ്കൽ | 800000 ( ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 799974 |
| ബിൽ സാങ്ഷൻ ഓർഡർ നമ്പർ / തീയതി | 171/14.02.23 – 403822<br>229/16.03.23 - 396152 |

2022 – 23 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ തെരുവുവിളക്കുകളുടെ റിപ്പയറിനായി മേൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

മുൻവർഷങ്ങളിൽ സ്ഥാപിക്കപ്പെട്ടതും വാറണ്ടി നിലവിലുള്ളതുമായ ലാമ്പുകളെ ഒഴിവാക്കിയാണ് വാർഷിക അറ്റകുറ്റപ്പണിക്കായുള്ള പദ്ധതി രൂപീകരിക്കേണ്ടത്. വാറണ്ടി നിലവിലുള്ള ലാമ്പുകളെ ഒഴിവാക്കിയാണോ മെയിന്റനൻസ് നടത്തിയത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

തെരുവു വിളക്കു രജിസ്റ്ററിൽ കൃത്യമായ കണക്കില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അനുസരിച്ച് നിലാവ് പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള LED തെരുവു വിളക്കുകളുടെ എണ്ണം, ഇനം എന്നിവ താഴെ പറയും പ്രകാരമാണ്.

| ഇനം | എണ്ണം |
|---|---|
| 35 W LED | 194 |
| 18 W LED | 306 |
| ആകെ | 500 |

സ്ട്രീറ്റ് ലൈറ്റ് AMC പ്രോജക്ട് പ്രകാരം തെരുവു വിളക്കുകൾ റിപ്പയർ ചെയ്തതിന്റെ വിവരം താഴെ പറയുന്നു.

| ഇനം | എണ്ണം | | ആകെ |
|---|---|---|---|
| | 1 – 8 വാർഡുകൾ | 9-16 വാർഡുകൾ | |
| 24 W LED | 59 | 57 | 116 |
| 70 W LED | 1 | 2 | 3 |
| 15 W LED | 539 | 542 | 1081 |
| ആകെ | 599 | 601 | 1200 |

ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര തെരുവു വിളക്കുകളുണ്ട്, ഏതെല്ലാം തരമുണ്ട്, അവസാനമായി മാറ്റി സ്ഥാപിച്ചവയുടെ എണ്ണം, വാറണ്ടി നിലവിലുള്ളവയുടെ എണ്ണം മുതലായ കണക്ക് സൂക്ഷിക്കാതെയാണ് അറ്റകുറ്റപ്പണികൾക്കുള്ള പ്രോജക്ട് ആവിഷ്കരിച്ച് തുക ചെലവഴിക്കുന്നത്.

തെരുവു വിളക്കുകളുടെ കണക്ക് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

മേൽ പരാമർശിച്ച വസ്തുതകൾ പരിഗണിച്ചു മാത്രം തെരുവു വിളക്ക് റിപ്പയറിനുള്ള AMC നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.15/11.08.23 )

## 1-16 ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകൾക്ക് മുഴുവനും മീറ്ററിംഗ് സംവിധാനം

ഏർപ്പട്ടുത്തിയില്ല

12-03-2013-ലെ സർക്കുലർ നം.65529/ഡി.സി.3/2012/ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതും ഇതിന് ആവശ്യമായ തുക പഞ്ചായത്ത് കെ.എസ്.ഇ.ബി യിൽ ഒടുക്കേണ്ടതുമാണ്. ഭൂരിഭാഗം തെരുവ് വിളക്കുകളും മീറ്ററിനു കീഴിൽ ആക്കിയിട്ടുണ്ടെങ്കിലും ഏതാനും തെരുവുവിളക്കുകൾ നിലവിലും മീറ്ററിനു കീഴിൽ അല്ലാതെ പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ അവയുടെ വൈദ്യുതി ചാർജ്ജ് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല അടച്ച് വരുന്നത്. ബൾബുകളുടെ തരം, എണ്ണം, *Burnig Hours* എന്നിവയുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി നൽകുന്ന ബിൽ പ്രകാരമാണ് ഗ്രാമപഞ്ചായത്ത് അത്തരം ലാമ്പുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്.

താഴെ പറയുന്ന കൺസ്യൂമർ നമ്പറിലുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

| കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ | കൺസ്യൂമർ നം. |
|---|---|
| തത്തമംഗലം | 1165042000269 |
| വണ്ടിത്താവളം | 1168096012904 |
| വടവന്നൂർ | 1168106011460 |

2022-23 സാമ്പത്തിക വർഷം തെരുവ് വിളക്ക് വൈദ്യുതി ചാർജിനത്തിൽ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ആകെ 1206123 രൂപ ചെലവഴിച്ചതിൽ 657533 രൂപ (54%) ചെലവഴിച്ചത് മീറ്ററിംഗ് സംവിധാനം എർപ്പട്ടുത്താത്ത തെരുവ് വിളക്കുകൾക്കാണ്.

മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താതിരുന്നാൽ പ്രവർത്തനക്ഷമമല്ലാത്ത തെരുവ് വിളക്കുകൾക്കും കൂടി വൈദ്യുതി ചാർജ്ജ് അടവാക്കേണ്ടി വരുന്ന സാഹചര്യം നിലവിലുണ്ട്.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/10.08.23) തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി അപാകത പരിഹരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിലെ കാലതാമസം ഒഴിവാക്കി അടിയന്തിരമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 പൊതുടാപ്പുകൾ നിർത്തലാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

2022-23വർഷത്തിൽ പൊതുടാപ്പുകളുടെ വാട്ടർചാർജ്ജ് ഇനത്തിൽ 281680 രൂപ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 70240 രൂപ തനതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ജല അതോറിറ്റിയുടെ കീഴിലുള്ള 78 പൊതു ടാപ്പുകളിൽ താഴെ പറയുന്ന 4 പൊതു ടാപ്പുകൾ ഒഴികെ ബാക്കിയുള്ളവ ഡിസ്കണക്ട് ചെയ്യുന്നതിന് കേരള ജല അതോറിറ്റി പി.എച്ച് ഡിവിഷൻ, ചിറ്റൂർ അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിക്കുന്നതിന് 31.05.2022 തീയതിയിലെ ഭരണസമിതിയുടെ തീരുമാനം നം. 6 പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

1) Near Ramachandran House Enthalppadam - വാർഡ് -7

2) Near Rajan House Enthalppadam - വാർഡ് -7

3) Near Parvathy House Enthalppadam - വാർഡ് -7

4) Near Uchimaliyamma Temple Ambattuparambu House Enthalppadam - വാർഡ് -1

സെക്രട്ടറിയുടെ 06.07.2022 ലെ എസ്.സി.1-3/6 നം. കത്ത് പ്രകാരം പൊതുടാപ്പുകൾ നിർത്തലാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ കേരള ജല അതോറിറ്റി പി.എച്ച് ഡിവിഷൻ, ചിറ്റൂരിന് കത്ത് നല്കിയിട്ടുണ്ട്.

തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കത്ത് നൽകിയതിനു ശേഷവും 8/22 മുതൽ 1/2023 വരെയുള്ള കാലയളവിൽ ആകെ 211260 രൂപ (6x35210) രൂപ വെള്ളക്കരമായി ഒടുക്കിയിട്ടുണ്ട്. തുടർന്ന് വെള്ളക്കരം ഒടുക്കിയിട്ടില്ല.

പൊതുടാപ്പുകളുടെ കണക്ഷൻ വിച്ഛേദിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം. 07/10.08.23) തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകൾ നിർത്തലാക്കുവാൻ തീരുമാനമെടുത്തതിനുശേഷം അധികമായി ഒടുക്കിയ വെള്ളക്കരം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

### 1-18 എ.ബി.സി പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നം./ പേര് | 179, എ.ബി.സി പദ്ധതി - ജില്ലാപഞ്ചായത്ത് വിഹിതം |
| അടങ്കൽ | 350000 (വികസനഫണ്ട് - ജനറൽ) |
| ചെലവ് | 350000 |
| ബിൽ നമ്പർ / തീയതി | 31/12.01.23 |

തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായി നടപ്പിലാക്കുന്ന എ.ബി.സി പദ്ധതിയുടെ നിർവ്വഹണത്തിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി 350000 രൂപ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (നം. 799011400002200) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 07/10.08.23) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചയുടൻ ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുക ചെലവഴിക്കാത്തപക്ഷം തിരികെ ലഭ്യമാക്കി സർക്കാരിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-19 സ്നേഹസ്പർശം പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നം/ പേര് | 101, സ്നേഹസ്പർശം |
| അടങ്കൽ | 200000 ( വികസനഫണ്ട് ജനറൽ) |
| ചെലവ് | 200000 |
| ബിൽ നമ്പർ / തീയതി | 32/12.01.23 |

വൃക്ക രോഗികൾക്ക് ചികിത്സാ ധനസഹായത്തിനായി വിഹിതം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിക്കായി ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (നം. 799011400002200) 200000 രൂപ നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 07/10.08.23) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചയുടൻ ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുക ചെലവഴിക്കാത്തപക്ഷം തിരികെ ലഭ്യമാക്കി സർക്കാരിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-20 ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

2022-23 വർഷത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ അനുബന്ധ ഖണ്ഡികകളായി കൊടുക്കുന്നു.

1-20-1 ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ അമൃതം ഫുഡ്സിന്റെ ബിൽ തുക അനുവദിച്ചു

അങ്കണവാടി അനുപൂരക പോഷകാഹാരം നൽകുന്നതിനായുള്ള പ്രോജക്ടുകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 27 അങ്കണവാടികളിലേക്കുള്ള അമൃതം ന്യൂട്രിമിക്സ്/ആരോഗ്യമിക്സ് ആരോഗ്യ അമൃതം ഫുഡ്, നല്ലേപ്പുള്ളി എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. ഇൻവോയ്സ് പ്രകാരം അമൃതം ന്യൂട്രിമിക്സ്/ആരോഗ്യമിക്സിനായി 5% ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ഏതാനും ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചതായി കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
നിർവ്വഹണ ഉദ്യോഗസ്ഥ – ICDS സൂപ്പർവൈസർ
A/C No-0802256005193, Cnrb0000802

| പ്രൊജക്ട് നം., പേര് | ബിൽ/ചെക്ക് നം./ തീയതി | ഇൻവോയ്സ് നം./ തീയതി | ജി.എസ്.ടി ഉൾപ്പെടാത്ത തുക (രൂപയിൽ) |
|---|---|---|---|
| 2/23, അങ്കണവാടി അനുപൂരക പോഷകാഹാരം (ജനറൽ) | 1/22-06-22 | 722/14-03-22 | 35490 |
| | 3/29-08-22 | 806/11-07-22 | 71190 |
| | | 807/11-07-22 | 37310 |
| | 5//28-10-22 | 736/24-08-22 | 72030 |
| | | 744/20-09-22 | 73500 |
| | 10/15-01-23 | 751/15-10-22 | 72660 |
| | | 758/14-11-22 | 70980 |
| | 214/14-03-23 | 771/20-12-22 | 71820 |
| | | 780/4-01-23 | 72870 |
| | | 801/16-02-23 | 72030 |
| 86/23, അങ്കണവാടി അനുപൂരക പോഷകാഹാരം (Scp) | 4/28-08-22 7/17-11-22 | 730/30-07-22 | 34230 |
| | | 737/24-08-22 | 33600 |
| | | 745/20-09-22 | 35070 |
| | 11/13-01-23 | 752/15-10-22 | 36120 |
| | | 759/14-11-22 | 32970 |
| | 17/28-03-23 | 772/20-12-22 | 34230 |
| | | 781/4-01-23 | 33600 |
| | | 802/16-02-23 | 33180 |
| ആകെ | | | 922880 |

2017 ലെ സി.ജി.എസ്.ടി ആക്ടിലെ സെക്ഷൻ 51(1), 2017 ലെ കെ.ജി.എസ്.ടി ആക്ടിലെ സെക്ഷൻ 51(1) എന്നിവ പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കുലർ നം. ഡി.എ1/87/2019/തസ്വഭവ തീയതി 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതാണെന്നും രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ബില്ലുകൾ പ്രകാരം തുക അനുവദിച്ചപ്പോൾ 2% നിരക്കിൽ ജി.എസ്.ടി ടി ഡി എസ് നടത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭ്യമാക്കിയിട്ടുണ്ട് (8/10-08-2023). നിലവിൽ പഞ്ചായത്തിൽ മുൻ ഐ സി ഡി എസ് സൂപ്പർവൈസറുടെ പേരിലാണ് GST-TDS രജിസ്ട്രേഷൻ എടുത്തിട്ടുള്ളതെന്നും രജിസ്ട്രേഷൻ റിവൈസ് ചെയ്ത് ഈ വർഷം മുതൽ GST-TDS

അടവാക്കാമെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ മൊത്തം കരാർ തുകയ്ക്കാണ് GST-TDS ഈടാക്കേണ്ടതെന്ന അറിവില്ലായിരുന്നെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. ജി.എസ്.ടി ടി.ഡി.എസ് നടത്തുവാൻ വിട്ടുപോയാൽ നിർവ്വഹണ ഉദ്യോഗസ്ഥ പിഴ ഒടുക്കുവാൻ ബാധ്യസ്ഥയായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-20-2 വൃദ്ധർക്ക് കട്ടിൽ വിതരണം- ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 98/23 (Scp) | 120/23 (Gen) |
| പ്രോജക്ടുകളുടെ പേര് | വൃദ്ധർക്ക് കട്ടിൽ വതരണം | |
| അടങ്കൽ | 400000 | 564450 |
| ചെലവ് | 258390 | 429000 |
| എണ്ണം | 90 | 150 |

വൃദ്ധജനങ്ങൾക്കുള്ള കട്ടിലുകൾ വാങ്ങുന്നതിനായി 11-11-2022 ന് ഇ-ടെണ്ടർ ചെയ്തിട്ടുണ്ട്. 15 സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തതിൽ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത 5 സ്ഥാപനങ്ങളോട് സാമ്പിൾ ഹാജരാക്കുവാൻ ഭരണ സമിതി 21-01-23 ലെ തീരുമാനം 1(1)(2) പ്രകാരം ICDS സൂപ്പർവൈസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം മൂന്ന് സ്ഥാപനങ്ങൾ സമർപ്പിച്ച സാമ്പിളുകൾ പരിശോധിച്ചതിൽ കീർത്തി ഫർണിച്ചർ, തൃശ്ശൂർ എന്ന സ്ഥാപനത്തിന്റെ സാമ്പിൾ മെച്ചപ്പെട്ട ഗുണനിലവാരമുള്ളതാണെന്ന് ഭരണ സമിതി വിലയിരുത്തുകയും 13/02/23 ന് ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

1. ജി എസ് ടി ഉൾപ്പെടെയുള്ള നിരക്കാണ് ക്വാട്ട് ചെയ്യേണ്ടതെന്ന് ടെണ്ടർ നോട്ടീസിൽ (ക്രമ നം.2) ആവശ്യപ്പെട്ടിട്ടും നിരക്ക് പ്രത്യേകം കാണിക്കാതെയാണ് സ്ഥാപനങ്ങൾ തുക ക്വോട്ട് ചെയ്തിട്ടുള്ളത്.

2. കീർത്തി ഫർണിച്ചർ, തൃശ്ശൂർ എന്ന സ്ഥാപനം 2871 രൂപ നിരക്കിലാണ് കട്ടിലുകൾ വിതരണം ചെയ്തിട്ടുള്ളത്. ഇൻവോയ്സിൽ ജി എസ് ടി രജിസ്ട്രേഷൻ (GSTIN NO-32BUEPRO235BIZA) ജി എസ് ടി നിരക്ക് വേറിട്ട് കാണിച്ചിട്ടില്ല.

3. 06-03-2023 ന് 240 കട്ടിലുകളുടെ വിതരണം നടത്തിയിട്ടുണ്ട്.

| ക്രമ നം. | ബിൽ നം/തീയതി | എണ്ണം | നിരക്ക് | അനുവദിച്ച തുക |
|---|---|---|---|---|
| 1 | 18/ 06-03-2023 | 50 | 2871 | 143500 |
| 2 | 19/06-03-2023 | 50 | 2871 | 142000 |
| 3 | 17/06-03-2023 | 50 | 2871 | 143500 |
| 4 | 16/06-03-2023 | 90 | 2871 | 258390 |
| ആകെ | | | | 687390 |

ടെണ്ടറിലും ബില്ലുകളിലും സാധനങ്ങളുടെ നിരക്കും ജി.എസ്.ടിയും വേറിട്ട് കാണിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

2017 ലെ സി.ജി.എസ്.ടി ആക്ടിലെ സെക്ഷൻ 51(1), 2017 ലെ കെ.ജി.എസ്.ടി ആക്ടിലെ സെക്ഷൻ 51(1) എന്നിവ പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കുലർ നം. ഡി.എ1/87/2019/തസ്വഭവ തീയതി 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ

അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതാണെന്നും രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്ക് ( 8/10-08-2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ പഞ്ചായത്തിൽ മുൻ ഐ സി ഡി എസ് സൂപ്പർവൈസറുടെ പേരിലാണ് GST-TDS രജിസ്ട്രേഷൻ എടുത്തിട്ടുള്ളതെന്നും രജിസ്ട്രേഷൻ റിവൈസ് ചെയ്ത് ഈ വർഷം മുതൽ GST-TDS അടവാക്കാമെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ മൊത്തം കരാർ തുകയ്ക്കാണ് GST-TDS ഈടാക്കേണ്ടതെന്ന അറിവില്ലായിരുന്നെന്നും മറുപടി നൽകിയിട്ടുണ്ട്.

മേൽ ബില്ലുകൾ പ്രകാരം തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി ഡി എസ് ഈടാക്കിയിട്ടില്ല. ജി.എസ്.ടി ടി.ഡി.എസ് നടത്തുവാൻ വീഴ്ച വരുത്തിയാൽ നിർവ്വഹണ ഉദ്യോഗസ്ഥ പിഴ ഒടുക്കുവാൻ ബാധ്യസ്ഥയായതിനാൽ അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-21 ഹരിത മിത്രം സ്മാർട്ട് ഗാർബേജ് ആപ്പ്- പ്രവർത്തനങ്ങളുടെ പുരോഗതി നിരീക്ഷിക്കേണ്ടതാണ്

ഹരിതകേരളം മിഷനുവേണ്ടി കെൽട്രോൺ വികസിപ്പിച്ചെടുത്തിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം സോഫ്റ്റ്‌വെയർ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി സ.ഉ(ആർ.ടി)നം. 2307/2021/LSGD തി.18-11-2021 ന്റെ അടിസ്ഥാനത്തിൽ 2022-23 വർഷത്തിൽ ഒരു പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 197/23-ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് |
| അടങ്കൽ | ₹204900 വികസന ഫണ്ട് |
| ചെലവ് | ₹204900 |
| നിർവഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ |
| ബിൽ നം | 44/29-02-2023 |

സർവ്വീസ് ചാർജ്- 135700രൂപ, എസ്.എം.എസ് ചാർജ്- 7200 രൂപ, ക്യൂ.ആർ കോഡ്- 12000 രൂപ, ലാപ്ടോപ്- 50000 രൂപ എന്നിങ്ങനെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള വിവിധ ഇനങ്ങൾക്കായി ആകെ 204900 രൂപയാണ് കെൽട്രോണിന് കൈമാറിയിട്ടുള്ളത്. 24-02-2023 ന് കെൽട്രോണുമായി എഗ്രിമെന്റ് ചമച്ചിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ ഹരിത മിത്രം ആപ്പ് നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ 12000 ക്യൂ.ആർ കോഡുകൾ ആവശ്യമുണ്ടെന്നും ആയവ വിതരണം ചെയ്യണമെന്നും ആവശ്യപ്പെട്ട് കെൽട്രോണിന് കത്ത് നൽകിയിട്ടുള്ളതായി കണ്ടു. ക്യൂ.ആർ കോഡ് ലഭ്യമായതിന്റെയും അവ വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിച്ചതിന്റെയും വിവരം, ഹരിത കർമ്മസേനയ്ക്ക് കെൽട്രോണിൽ നിന്നും ഹരിതമിത്രം ആപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് പ്രായോഗിക പരിശീലനം ലഭ്യമായിട്ടുണ്ടോ എന്നതിന്റെ വിവരം, ആപ്പ് മുഖേനയുള്ള മോണിറ്ററിംഗ് പ്രവർത്തനം ആരംഭിച്ചതിന്റെ പുരോഗതി എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം. 5/9-08-2023 ന് ലഭിച്ച മറുപടിയിൽ 12000 ക്യൂ.ആർ കോഡുകൾ ലഭ്യമായിട്ടുണ്ടെന്നും ആയവ വീടുകളിലും സ്ഥാപനങ്ങളിലും പതിപ്പിക്കുന്ന ജോലികൾ പുരോഗമിച്ചു വരികയാണെന്നും അറിയിച്ചിട്ടുണ്ട്.

നിലവിൽ 6589 വീടുകളിലും സ്ഥാപനങ്ങളിലും ക്യൂ.ആർ കോഡുകൾ പതിപ്പിച്ചിട്ടുണ്ടെന്നും ഹരിത കർമ്മ സേനാംഗങ്ങൾക്ക് ഹരിത മിത്രം ആപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് കെൽട്രോണിൽ നിന്നും പ്രായോഗിക പരിശീലനം ലഭ്യമായിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ജൂലൈ മാസം മുതൽ 100% വും ആപ്പ് വഴിയാണ് യൂസർ ഫീ ലഭിക്കുന്നതെന്നറിയിച്ചിട്ടുണ്ട്.

ഹരിത മിത്രം സ്മാർട്ട് ഗാർബേജ് ആപ്പിന്റെ പ്രവർത്തന പുരോഗതി കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ്.

## 1-22 ലൈഫ് ഭവനം-ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കി വരുന്ന ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതിയുടെ ചെലവ് രേഖകൾ, വാച്ച് രജിസ്റ്റർ എന്നിവ അനുസരിച്ച് പദ്ധതിയിലുൾപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തിയാക്കിയിട്ടില്ല. ഇവർ നാല് ലക്ഷം രൂപയുടെ ധനസഹായത്തിൽ ഭാഗികമായി തുക കൈപ്പറ്റിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് | 70/23-ലൈഫ് ഭവനം (എസ് സി പി) |
| അടങ്കൽ | 1,20,00000 |
| ചെലവ് | 50,00000 |

ലൈഫ് രണ്ടാം ഘട്ടത്തിൽ എഗ്രിമെന്റ് ചമച്ച 32 ഗുണഭോക്താക്കളിൽ 20 പേരും വീട്ട പണി പൂർത്തീകരിച്ചിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താക്കളുടെ വിവരം | ബിൽ നമ്പർ/ തീയ്യതി | കൈപ്പറ്റിയ തുക | കൈപ്പറ്റു വാൻ ബാക്കി യുള്ള തുക |
|---|---|---|---|---|
| 1 | രുഗ്മിണി, W/o പഴണി വാർഡ്-6 | 14-10-2022<br>25-11-2022<br>17-02-2022 | 40000<br>1,60000<br>1,00000 | 1,00000 |
| 2 | ദേവി, W/o ഗോപാലൻ വാർഡ്-4 | 14-10-2022<br>05-01-23<br>28-02-23 | 40000<br>1,60000<br>1,00000 | 1,00000 |
| 3 | ലക്ഷമി, W/o വെള്ള വാർഡ്-2 | 14-10-2022<br>25-11-2022<br>5-01-2023 | 40000<br>1,60000<br>1,00000 | 1,00000 |
| 4 | സുമിത, W/o വാസു വാർഡ്-16 | 14-10-2022<br>25-11-2022<br>5-01-2023 | 40000<br>1,60000<br>1,00000 | 1,00000 |
| 5 | സുമ, W/o ശശി വാർഡ്-2 | 11-08-2019<br>28-12-2019<br>12-02-2020<br>02-03-2020 | 40000<br>160000<br>100000<br>50000 | 50000 |
| 6 | അശ്വതി, വാർഡ്-7 | 19-02-2021<br>03-06-2021<br>20-10-2021<br>22-08-2022 | 40000<br>160000<br>100000<br>60000 | 40000 |
| 7 | രജിത, വാർഡ്-9 | 19-02-2021<br>08-07-2021<br>05-12-2022 | 40000<br>160000<br>100000 | 100000 |
| 8 | സുകന്യ, വാർഡ്-9 | 19-02-2021<br>10-03-2021<br>03-06-2021 | 40000<br>160000<br>100000 | 100000 |
| 9 | ബിന്ദു മോൾ, വാർഡ്-16 | 19-02-2021<br>10-03-2021<br>08-07-2021 | 40000<br>160000<br>100000 | 100000 |

| | | | | |
|---|---|---|---|---|
| 10 | സൗമ്യ, വാർഡ്-16 | 19-02-2021<br>10-03-2021<br>08-07-2021 | 40000<br>160000<br>100000 | 100000 |
| 11 | പ്രിയ, വാർഡ്-8 | 28-07-2021<br>14-02-2022<br>07-06-2022<br>1-07-2022 | 40000<br>160000<br>45180<br>54820 | 100000 |
| 12 | ജയൻ, വാർഡ്-16 | 22-11-2022 | 40000 | 3,60000 |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/09-08-23) ആറ് ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം റൂഫ് സ്റ്റേജിലും ബാക്കിയുള്ളവർ ലിന്റൽ സ്റ്റേജിലും ആണെന്നും ഈ വർഷം തന്നെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഭവനനിർമ്മാണം പൂർത്തീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-23 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതിയുടെ ചെലവ് രേഖകൾ, വാച്ച് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പദ്ധതിയിലുൾപ്പെട്ട ഏതാനും ഗുണഭോക്താക്കൾ പഠനമുറി നിർമാണം പൂർത്തിയാക്കിയിട്ടില്ല. ഇവർക്ക് അർഹതപ്പെട്ട രണ്ട് ലക്ഷം രൂപയിൽ ഭാഗികമായി തുക കൈപ്പറ്റിയിട്ടുണ്ട്.

| | | |
|---|---|---|
| പ്രോജക്റ്റ് | 62/23 (സ്പിൽ ഓവർ) | |
| അടങ്കൽ | 850000 | |
| ചെലവ് | 825000 | |
| നിർവ്വഹണം | വി ഇ ഒ | |
| ബിൽ നം/തീയതി | 16/28-02-23, | 2,25000 |
| | 22/18-03-23, | 75000 |
| | 31/23-03-23, | 1,00000 |
| | 33/23-03-23 | 75000 |
| | 41/29-03-23 | 1,25000 |
| | 1/12-05-22 | 1,25000 |
| | 4/20-06-22 | 50000 |
| | 6/23-07-22, | 50000 |

പഠനമുറി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപറ്റിയ തുക, തിയതി | കൈപ്പറ്റുവാൻ ബാക്കി തുക |
|---|---|---|---|
| 1 | സുനീഷ, വാർഡ്-13 | 25000/2-12-22<br>100000/28-02-23<br>50000/23-03-23 | 25000 |
| 2 | അജ്ഞന, വാർഡ്-16 | 50000/28-02-23<br>75000/18-03-23<br>50000/29-03-23 | 25000 |
| 3 | ഋത്വിക്, വാർഡ്-12 | 50000/28-02-23<br>75000/23-03-23 | 75000 |
| 4 | മഹേഷ്, വാർഡ്-15 | 50000/23-03-23<br>75000/29-03-23<br>25000/18-03-23 | 50000 |

മേൽ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/11-08-23) സുനീഷ- മെയിൻ വാർപ്പ പണി കഴിഞ്ഞു, അഞ്ജന – മുഴുവൻ പണിയും പൂർത്തീകരിച്ചിട്ടുണ്ടെന്നും ഋത്വിക്, മഹേഷ് എന്നിവർ മെയിൻ വാർപ്പ് കഴിഞ്ഞിട്ടുണ്ടെന്നും മറുപടി തന്നിട്ടുണ്ട്.

നിർദ്ദേശം

പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്. പഠനമുറിയുടെ പൂർത്തീകരണം വൈകുന്നതിനാൽ ഗുണഭോക്താക്കൾക്ക് പഠിക്കുവാനുള്ള സൗകര്യം സാധ്യമാകാത്ത അവസ്ഥ വരുകയും ചെയ്യും . ആയതിനാൽ നിരന്തരം മോണിറ്ററിംഗ് നടത്തി നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-24 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം- മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

മെയിന്റനൻസ് ഗ്രാന്റിൽ(നോൺ റോഡ്) നിന്നും ഗ്രാമപഞ്ചായത്തിന്റെ ചുമതലകളുടെ നിർവ്വഹണത്തിനായി നടത്തിയ ചെലവുകൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണം താഴെ ചേർക്കുന്നു.

2022-23 വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ് എന്നിവ അടവാക്കുന്നതിനായി 2 പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
|---|---|---|
| പ്രോജക്ട് നം./ പേര് | 54, ഇലക്ട്രിസിറ്റി വാട്ടർ ചാർജ് അടവാക്കൽ | 84, ഇലക്ട്രിസിറ്റി വാട്ടർ ചാർജ് അടവാക്കൽ |
| അടങ്കൽ | 751130 (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) | 1060154 (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) |
| ചെലവ് | 727028 (വൈദ്യുതി ചാർജ്ജ് – 550978, വെള്ളക്കരം – 176050) | 760775 (വൈദ്യുതി ചാർജ്ജ് – 655145, വെള്ളക്കരം – 105630) |
| ബിൽ നമ്പർ / തീയതി | 1/25.04.22 – 143064<br>5/26.05.22 – 142142<br>7/25.04.22 – 134704<br>13/24.09.22 – 146410<br>17/26.10.22 - 160708 | 21/23.11.22- 129807<br>38/22.02.23- 365428<br>37/22.02.23 – 137459<br>44/17.03.23 - 128081 |

സ.ഉ(കൈ)നം.118/22/എൽ.എസ്.ജി.ഡി തീയതി 04.06.22 പ്രകാരം തെരുവു വിളക്കുകളുടെ പരിപാലനം, പൊതുടാപ്പുകളുടെ വെള്ളക്കരം എന്നിവയുടെ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചുള്ള ചെലവ് നെഗറ്റീവ് ലിസ്റ്റിലുൾപ്പെട്ട ഇനങ്ങളാണ്. വെള്ളക്കരം, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്ക് മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തിയതിന്റെ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 2/09.08.23) മറുപടി ലഭ്യമാക്കിയില്ല.

തുടർന്നുള്ള വർഷങ്ങളിൽ ചെലവുകൾ നിർവ്വഹിക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുക്കേണ്ടതാണ്.

## 1-25 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - വിദ്യാർത്ഥികളുടെ അർഹതാ രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം./ പേര് | 99/23-എസി.,സി വിദ്യാർത്ഥികൾക്ക് |

| | |
|---|---|
| | ലാപ്ടോപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 280000(വികസനഫണ്ട് - എസ്. സി.പി ) |
| ചെലവ് | 233100 |
| ബിൽ നം. / തീയതി | 42/ 17.03.2023 - 233100 |

എസ്.സി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പഠനസൗകര്യം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം 233100 രൂപ ചെലവഴിച്ച് GeM പോർട്ടൽ മുഖേന 7 ലാപ്പ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

സ്ഥാപനം - RGS INFOTECH

ഇൻവോയ്സ് നമ്പർ - RGS/22-23/165 തീയതി 01.03.23

രേഖകൾ പരിശോധിച്ചതിൽ സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന 3 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് അനുവദിച്ചിട്ടുള്ളതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പേര് | പഠിക്കുന്ന സ്ഥാപനം |
|---|---|
| സുനപ്രിയ.എം | മരിയൻ കോളേജ്, കൊടുവായൂർ |
| അതുൽകൃഷ്ണ | ചിൻമയ മിഷൻ കോളേജ്, പാലക്കാട് |
| രേഷ്മ.എം | ഗുരുകുലം, ചിറ്റൂർ |

പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 115/2022 തീയതി 28.05.22 ഖണ്ഡിക 7.2.7 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് ഡിപ്ലോമ, എഞ്ചിനീയറിംഗ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, മെഡിക്കൽ കമ്പ്യൂട്ടർ സയൻസ് (ഡിപ്ളോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ, എയ്ഡഡ്, സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാലാ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകാവുന്നതാണ്.

മേൽ പരാമർശിച്ച വിദ്യാർത്ഥികൾ സമർപ്പിച്ച സ്ഥാപനങ്ങളുടെ സാക്ഷ്യപത്രത്തിൽ യൂണിവേഴ്സിറ്റി അഫിലിയേഷൻ ഉള്ളതായി രേഖപ്പെടുത്തിയിട്ടില്ല.

മേൽ സ്ഥാപനങ്ങൾക്ക് യൂണിവേഴ്സിറ്റി അഫിലിയേഷൻ ഉണ്ടോ എന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/10.08.23) ലാപ്പ്ടോപ് ലഭിച്ച കുട്ടികൾ വളരെ താഴ്ന്ന സാമ്പത്തിക സ്ഥിതിയിലുള്ള കുടുംബത്തിലുള്ളവരായതിനാലും അവർക്ക് മറ്റൊരു മാർഗ്ഗത്തിലൂടെ ലാപ്പ്ടോപ് ലഭിക്കുവാൻ സാധ്യതയില്ലാത്തതുകൊണ്ടും കുട്ടികൾക്ക് പഠിക്കാനുള്ള മാർഗ്ഗമുണ്ടാക്കുകയായിരുന്നു ഉദ്ദേശലക്ഷ്യം എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിട്ടുള്ളത്.

വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനങ്ങളുടെ യൂണിവേഴ്സിറ്റി അഫിലിയേഷൻ രേഖകളോ അല്ലെങ്കിൽ വിദ്യാർത്ഥികൾ സർവകലാശാലാതലത്തിലോ/സർക്കാർ തലത്തിലോ അംഗീകരിച്ച കോഴ്സുകളിൽ ലാപ്ടോപ്പ് കൈപ്പറ്റിയ ശേഷം പരീക്ഷ എഴുതിയതിന്റെ ഹാൾ ടിക്കറ്റോ ഹാജരാക്കാത്തതിനാൽ അവ ഹാജരാക്കുന്നതു വരെ 3 വിദ്യാർത്ഥികൾക്ക് അനുവദിച്ച ലാപ്പ്ടോപ്പിന്റെ ചെലവ് തുക 84660 രൂപ (28220x3 ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത കാര്യങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനുമുമ്പായി സർക്കാരിൽ നിന്നും പ്രത്യേകാനുമതി ലഭ്യമാക്കിയതിന്റെ രേഖകളും ലഭ്യമാക്കിയതായി കാണുന്നില്ല.

ഉചിതമായ രേഖകൾ ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

1-26 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്

സ.ഉ(സാധാ)നം.553/2019/തസ്വഭവ തിയതി 7-3-2019 പ്രകാരം പാലിയേറ്റീവ് പരിചരണ

പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ക്യാൻസർ രോഗികൾ, കിടപ്പ് രോഗികൾ, പ്രായമായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ മുതലായ ദീർഘകാല പരിചരണം ആവശ്യമായ രോഗികളുടെ പരിചരണത്തിനായി രൂപീകരിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് വിലയിരുത്തൽ താഴെ ചേർക്കുന്നു.

എ) പരിചരണം ആവശ്യമായ രോഗികളുടെ വിവരം

ഗ്രാമപഞ്ചായത്തിൽ പാലിയേറ്റീവ് പരിചരണം ആവശ്യമായ വിഭാഗത്തിലുള്ള രോഗികളുടെ വിവരം

താഴെ ചേർക്കുന്നു.

തുടർ പരിചരണം ആവശ്യമായവർ - 128
മെഡിസിൻ സപ്പോർട്ട് ആവശ്യമുള്ളവർ - 120
60 വയസിന് താഴെ പ്രായമുള്ള തീരെ കിടപ്പിലായവർ - 44
60 വയസിന് മുകളിൽ പ്രായമുള്ള തീരെ കിടപ്പിലായവർ - 77
18 വയസിനു താഴെ പാലിയേറ്റീവ് പരിചരണം ലഭിക്കുന്നവർ - 7
ഫിസിയോ തെറാപ്പി ആവശ്യമായവർ - 35
സെക്കണ്ടറി കെയർ ആവശ്യമായവർ - 20
ക്യാൻസർ രോഗികൾ - 71
വൃക്ക രോഗികൾ - 11
നട്ടെല്ലിന് ക്ഷതം സംഭവിച്ചവർ - 36
ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ - 42
ഡ്രസിംഗ് ആവശ്യമായവർ - 16
ആകെ - 607

ബി) പാലിയേറ്റീവ് പ്രോജക്ടുകൾ

തൻവർഷം നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (CHC)

1) 21/24- സാന്ത്വന പരിചരണം

സി) ഹോം കെയർ റിപ്പോർട്ട് ബുക്ക്

ഹോം കെയർ സന്ദർശനം നടത്തിയതിന്റെ റിപ്പോർട്ട് വിശദമായി തയ്യാറാക്കിയിട്ടുണ്ട്.

ഡി) പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി _

ഓരോ സാമ്പത്തിക വർഷാവസാനത്തിനുമുമ്പും പി.എം.സി രൂപീകരിക്കേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടുണ്ട്.

വിവിധ റിപ്പോർട്ടുകൾ പി.എം.സി യോഗത്തിൽ അവതരിപ്പിച്ചിട്ടുണ്ട്.

തൻവർഷം പി.എം.സി നാല് തവണ യോഗം ചേർന്നിട്ടുണ്ട്. പി.എം.സി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണന്ന നിബന്ധന പാലിച്ചിട്ടില്ല.

ഇ) പഞ്ചായത്ത്തല അവലോകന യോഗം

പഞ്ചായത്ത് തലത്തിൽ തൻവർഷം അഞ്ച് തവണ അവലോകന യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്.

എല്ലാ മാസവും അവലോകന യോഗം ചേരേണ്ടതാണെന്ന നിബന്ധന പാലിച്ചിട്ടില്ല.

എഫ് ) വിഭവ സമാഹരണം

മാർഗ്ഗരേഖയിലെ ഖ.2.12 പ്രകാരം പാലിയേറ്റീവ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി മറ്റ്

സംഭാവനകൾ ഉൾപ്പെടെയുള്ള ഫണ്ടുകൾ സ്വീകരിക്കാവുന്നതും ആയതിനായി പി.എം.സി ക്ക് പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കാവുന്നതുമാണ്. അത്തരത്തിൽ അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

രസീതികളും ഈ ആവശ്യത്തിനായി സൂക്ഷിച്ചിട്ടില്ല.

ജി) മോണിറ്ററിംഗ്

ഗ്രാമപഞ്ചായത്ത്തലത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി പാലിയേറ്റീവ് കെയർ ഒരിനമായി ചർച്ച ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അപ്രകാരമുള്ള ചർച്ചകൾ നടന്നിട്ടില്ലെന്ന് മിനിട്സ് പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. ഭരണസമിതി വർഷത്തിലൊരിക്കലെങ്കിലും വിലിയിരുത്തൽ നടത്തേണ്ടതാണെന്ന വ്യവസ്ഥയും പാലിച്ചതായി കാണുന്നില്ല.

എച്ച് ) ഓഡിറ്റ് വിലയിരുത്തൽ /നിർദ്ദേശങ്ങൾ

ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ പൊതുവെ തൃപ്തികരമാണെന്ന് വിലയിരുത്തുന്നു.

വിവിധ യോഗങ്ങൾക്കായി നിശ്ചയിച്ചിട്ടുള്ള ഇടവേളകളിൽ യോഗം ചേരുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിനു പുറമെ പൊതുജനങ്ങളിൽ നിന്നുള്ള സംഭാവനകളും സന്നദ്ധ സംഘടനകളുടെ സഹകരണവും ഉറപ്പാക്കി പാലിയേറ്റീവ് പരിചരണ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്.

സ്പിൽ ഓവർ പ്രോജക്ടുകൾ ഒഴിവാക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

പാലിയേറ്റീവ് കെയറിനായി മാത്രം ഒരു വാഹനം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

മേൽ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 12(1)/11-8-2023 ന് മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-27 ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമാക്കേണ്ടതാണ്

സ.ഉ(സാധാ)നം.2132/2022/തസ്വഭവ തിയതി 31-8-2022 പ്രകാരം പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ച ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം, ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ മുതലായ ഘടകങ്ങൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് തുക ചെലവഴിക്കാവുന്നതാണ്.

ആരോഗ്യ ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും പുരോഗതി ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സ.ഉ(സാധാ)നം.2156/2022/തസ്വഭവ തിയതി 1-9-2022 പ്രകാരം പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന് അനുവദിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം താഴെ ചേർക്കുന്നു.

Support For Diagnostic Infra Structure -- 9.2 ലക്ഷം (ലഭ്യമായത് - 2.467 ലക്ഷം

Grant For Rural Health And Wellness Centres – 4.71 ലക്ഷം

ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിനായി ആവിഷ്കരിച്ച പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (CHC)

| ഗ്രാന്റ് | പ്രോജക്ട് | അടങ്കൽ | ചെലവ് | ചെലവ് | കുറിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | ശതമാനം | |
| CFC-Health Grant-Support For Diagnostic Infra Structure | 176/23 | 246704 | 83883 (ബിൽ നം. 201/10-3-2023) | 34 | വിവിധ ഉപകരണങ്ങൾ |
| CFC-Health Grant-Rural Health And Wellness Centres | 117/23 | 421286 | 153597 (ബിൽ നം. 202/10-3-2023 – Rs.52135 + 162/31-1-2023 – Rs.49800 + 145/9-1-23 – Rs, 51141 + 226/16-3-23 – Rs. 521 | 36 | വിവിധ ഉപകരണങ്ങൾ |

തൻവർഷം ശരാശരി 35 ശതമാനം തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഹെൽത്ത് ഗ്രാന്റിന്റെ സാമ്പത്തിക നില

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| CFC-Health Grant-Support For Diagnostic Infra Structure | 0 | 246704 | 246704 | 83883 | 162821 |
| CFC-Health Grant-Rural Health And Wellness Centres | 0 | 421286 | 421286 | 153597 | 267689 |

ഹെൽത്ത് ഗ്രാന്റിന്റെ ആവശ്യത്തിനായി കനറാ ബാങ്കിൽ രണ്ട് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്. ആയവയിലെ നീക്കിയിരിപ്പ് പരിശോധിച്ചിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

സ.ഉ(സാധാ)നം.2156/2022/തസ്വഭവ തിയതി 1-9-2022 പ്രകാരം പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന് അനുവദിച്ച Support For Diagnostic Infra Structure ഗ്രാന്റ് 9.2 ലക്ഷം രൂപയാണെങ്കിലും ലഭ്യമായത് - 246704 രൂപ മാത്രമാണ്. ആയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

പ്രത്യേക ആവശ്യത്തിനായി ലഭ്യമാകുന്ന ഗ്രാന്റ് പരമാവധി ചെലവഴിച്ച് ആരോഗ്യ സ്ഥാപനത്തിന്റെ നില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച വിശദാംശം യഥാസമയം സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 12(2)/11-8-2023 ന് മറുപടി ലഭ്യമായില്ല.

## 1-28 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങൾ വിലയിരുത്തൽ

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുവാൻ ലക്ഷ്യമിട്ട് തൻവർഷം അംഗീകാരം ലഭ്യമാക്കിയ 77 പ്രവൃത്തികളിൽ 45 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. വകയിരുത്തിയ 4.47

കോടി രൂപയിൽ 1.99 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ തുകയുടെ 44% മാത്രമാണ് തൻവർഷത്തെ ചെലവ്.

എ. മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം

തൻവർഷം ആവിഷ്കരിച്ച പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

റോഡ് പ്രവൃത്തികൾ - 75%

കെട്ടിടങ്ങൾ - 17%

കുടിവെള്ള പദ്ധതികൾ - 4%

മറ്റ് പ്രോജക്ടുകൾ - 4%

41% പ്രവൃത്തികൾ സ്പിൽ ഓവർ ആയി മാറിയിട്ടുണ്ട്.

ബി. രേഖകളുടെ സൂക്ഷിപ്പ്

രേഖകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

ടാറിംഗ് പ്രവർത്തികൾ ഉൾപ്പെടുന്ന ബില്ലുകളിൽ നിന്നും ടാർ ബാരലിന്റെ വിലയായി ബാരൽ ഒന്നിന് ജി.എസ്.ടി ഉൾപ്പെടെ 281 രൂപ ഈടാക്കി തനത് ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ടെങ്കിലും 18% ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

പല പ്രവൃത്തികളുടേയും പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെങ്കിലും കരാർ കാലാവധിക്കുമുമ്പ് കരാറുകാർ അപേക്ഷ സമർപ്പിച്ചിട്ടില്ല.

സി. ആസ്തി സംരക്ഷണം - മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗം വിലയിരുത്തൽ

പദ്ധതി മാർഗ്ഗരേഖ പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. മെയിന്റനൻസ് ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | അലോട്ട്മെന്റ് | ചെലവ് | ലാപ്സ് ആയ തുക | ചെലവ് % |
|---|---|---|---|---|
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 24259000 | 11713912 | 12545088 | 48 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 6324000 | 4916922 | 1407078 | 78 |

48% തുക മാത്രമാണ് നോൺ റോഡ് മെയിന്റനൻസിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്.

അങ്കണവാടികൾ, ആയുർവേദ ആശുപത്രി എന്നിവയുടെ നവീകരണത്തിനായി ആവിഷ്കരിച്ച പ്രോജക്ടുകൾ പ്രകാരം തുകയൊന്നും ചെലവഴിച്ചിട്ടില്ല.

മരുന്ന വാങ്ങൽ, ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായും ഗ്രാമപഞ്ചായത്തിന്റെ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, പൊതു ടാപ്പുകളുടെ വെള്ളക്കരം എന്നിവയ്ക്കായും മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചിട്ടുള്ളത്. റോഡിതര മെയിന്റനൻസ് ഫണ്ട് ലഭ്യമാക്കുന്നതിന്റെ ലക്ഷ്യം കൈവരിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

| | | |
|---|---|---|
| → | | പരമാവധി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്. |
| → | | സ്പിൽഓവർ പ്രവൃത്തികളുടെ എണ്ണം കുറയ്ക്കാനുള്ള ശ്രമം നടത്തേണ്ടതാണ്. |
| → | | ബില്ലുകളിൽ നിന്നും തുക ഈടാക്കി തനത് ഫണ്ടിൽ ഒടുക്കുന്ന ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കുന്നതിൽ വീഴ്ച വരുത്താതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. |
| → | | PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ടുമാത്രം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകേണ്ടതാണ്. |
| → | | ഓരോ സ്ഥാപനത്തിന്റേയും ആവശ്യകത വിലയിരുത്തി ആസ്തി സംരക്ഷണ പദ്ധതി ആവിഷ്കരിച്ച് |

| | | |
|---|---|---|
| | | പരമാവധി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്. |
| → | | മെയിന്റനൻസ് ഗ്രാന്റ് വക മാറ്റാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. |

മേൽ വിഷയങ്ങളിൽ അഭിപ്രായം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വഷണം നം. 10/10-08-2023 നമ്പർ മറുപടിയിൽ പോരായ്മകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. GST യുടെ കണക്ക് സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ടെന്നും ജലജീവൻ മിഷൻ പദ്ധതി നടക്കുന്നതിനാലാണ് പല പ്രവൃത്തികളും നീണ്ടുപോകുന്നതെന്നും അറിയിച്ചിട്ടുണ്ട്.

1-29 ടാറിംഗ് പ്രവൃത്തികളുടെ ബാരലുകളുടെ വിലയോടൊപ്പം ഈടാക്കിയ GST ഒടുക്കേണ്ടതാണ്

തൻവർഷം നടപ്പാക്കിയ 16 ടാറിംഗ് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ആകെ 62660 രൂപ ടാർബാരലുകളുടെ വിലയും ജി.എസ്.ടി യും ഈടാക്കി തനത് ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. അപ്രകാരം തുക മാറ്റിയപ്പോൾ ബാരലിന്റെ യഥാർത്ഥ വിലയും ജി.എസ്.ടി യും വേർതിരിച്ച് കാണിക്കാതിരുന്നതിനാൽ തുക പൂർണ്ണമായും വരവായി കണക്കാക്കിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാനം സർക്കാരുകളിലേക്ക് അർഹതപ്പെട്ട ജി.എസ്.ടി തുകയായ 9562 രൂപ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ജി.എസ്.ടി വേർതിരിച്ച് കാണിക്കാത്തതിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണം നം. 10/10-8-2023 നമ്പർ മറുപടിയിൽ സെക്രട്ടറിക്ക് ജി.എസ്.ടി യുടെ കണക്ക് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-30 രാജീവ് ഗാന്ധി സേവാകേന്ദ്രം - നവീകരണം സമയബന്ധിതമായി പൂർത്തീകരിച്ചില്ല

പ്രൊ.നം.136/22-രാജീവ് ഗാന്ധി സേവാകേന്ദ്രം-നവീകരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനിയർ

അടങ്കൽ - 1019948 (800000 – CFC + 219948 -MG-Non Road)

എഗ്രിമെന്റ്- 24/1-2-22

കരാറുകാരൻ - ശ്രീ.കെ.ഹരിദാസ്

അളവു പുസ്തകം നം. 76 & 163/2020

നാളിതുവരെയുള്ള ചെലവ് - 486500 (ബിൽ നം. 41/29-3-22 – Rs.299735 + 2/19-8-22 – Rs.186765)

ഗ്രാമപഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ ബി.ആർ.ജി.എഫ് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി ആവിഷ്കരിച്ച പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തികൾ ആറു മാസത്തിനകം പൂർത്തീകരിക്കേണ്ടതായിരുന്നു. നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരണം വൈകുന്നതിന്റെ കാരണം കരാറുകാരൻ രേഖാമൂലം അസി.എഞ്ചിനിയറെ അറിയിച്ചതായും കാണുന്നില്ല.

PWD മാന്വൽ അനുസരിച്ച് പരാമവധി മൂന്ന് മാസം വരെ (50%) സമയപരിധി നീട്ടി നൽകാവുന്നതാണെങ്കിലും ഒന്നര വർഷം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിക്കാതെ അവശേഷിക്കുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം.11(1)/10-0-8-2023 നമ്പർ മറുപടിയിൽ കെട്ടിടത്തിന്റെ പുറകിലേക്ക് ചാഞ്ഞു നിൽക്കുന്ന മരം നിർമ്മാണത്തിന് തടസ്സം സൃഷ്ടിച്ചതായും ആയത് മുറിക്കുന്നതിന് ഫോറസ്റ്റിന്റെ അനുമതി ലഭിച്ച ലേലം ചെയ്തത് 17-10-22 നാണെന്നും അറിയിച്ചിട്ടുണ്ട്.

കെട്ടിടം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാണോ എന്നും ആണെങ്കിൽ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമായില്ല.

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുമ്പായി കൃത്യമായ സൈറ്റ് പരിശോധന നടത്തേണ്ടതാണ്. കരാറുകാരന്റെ അപേക്ഷ, സപ്ലിമെന്ററി എഗ്രിമെന്റ് എന്നിവ ലഭ്യമാക്കി സാഹചര്യം വിലയിരുത്തി പിഴയോടുകൂടിയോ അല്ലെങ്കിൽ PWD മാന്വലിൽ വ്യവസ്ഥകൾ പാലിച്ചുകൊണ്ടുമാത്രം

കാലാവധി ദീർഘിപ്പിച്ച നൽകേണ്ടതാണ്.

അപാകങ്ങൾ പരിഹരിക്കേണ്ടതും പ്രവൃത്തിയുടെ ഫയൽ അടുത്ത ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

1-31 പൂളക്കാട് അങ്കണവാടി റിംഗ് റോഡ് - പൂർത്തീകരണ കാലാവധി നീട്ടി നൽകിയതിൽ അപാകം

പ്രൊ.നം.53/22, 31/23-പൂളക്കാട് അങ്കണവാടി റിംഗ് റോഡ് പുനരുദ്ധാരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനിയർ
അടങ്കൽ - 13 ലക്ഷം (MG Road)
എഗ്രിമെന്റ്- 15/25-1-22
കരാറുകാരൻ - ശ്രീ.ഇ.യു.ഉമ്മർകോയ
അളവു പുസ്തകം നം. 88/2020
ചെലവ് - 1297185(ബിൽ നം. 37/28-3-23)

24-07-2022 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി പൂർത്തീകരിച്ചത് 20-3-2023 നാണ്. KWA പൈപ്പ്ലൈൻ കട്ട് ചെയ്ത് പണി നടക്കുന്നതിനാൽ കാലാവധി ദീർഘിപ്പിച്ച നൽകുവാനുള്ള കരാറുകാരന്റെ 27-4-2022 ലെ അപേക്ഷ പരിഗണിച്ച് പ്രവൃത്തിയുടെ കാലാവധി ഒറ്റത്തവണയായി 31-3-2023 വരെ ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്.

2012 ലെ PWD മാന്വൽ പ്രകാരം രണ്ടുതവണയായി പ്രവൃത്തിയുടെ കാലാവധി പിഴയോടുകൂടിയോ അല്ലാതെയോ ദീർഘിപ്പിച്ച നൽകാവുന്നതാണ്. ആകെ കാലാവധിയുടെ അമ്പത് ശതമാനത്തിൽ കൂടുതൽ കാലയളവിലേക്ക് കാലാവധി ദീർഘിപ്പിച്ച നൽകുവാനും പാടുള്ളതല്ല.

കാലാവധി ദീർഘിപ്പിച്ച നൽകിയപ്പോൾ നടപടിക്രമങ്ങൾ പാലിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 11(2)/10-08-2023 ന് പ്രസ്തുത സ്ഥലത്ത് ജലജീവൻ മിഷൻ പ്രവൃത്തികൾ നടന്നിരുന്നതിനാലാണ് കാലാവധി ദീർഘിപ്പിച്ചതിൽ അപാകത ഉണ്ടായതെന്ന് അറിയിച്ചിട്ടുണ്ട്.

PWD മാന്വലിലെ വ്യവസ്ഥകൾ പാലിക്കുവാൻ പരമാവധി ശ്രമം നടത്തേണ്ടതാണ്.

1-32 പള്ളത്താംപുള്ളി കനാൽ ബണ്ട് റോഡ് നവീകരണം - പൂർത്തീകരണം വൈകിയതിന്റെ കാരണം വ്യക്തമല്ല

പ്രൊ.നം.172/22, 42/23-പള്ളത്താംപുള്ളി കനാൽ ബണ്ട് റോഡ് നവീകരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനിയർ
അടങ്കൽ - 276500 രൂപ (MG Road)
എഗ്രിമെന്റ്- 13/16-12-2021
പി.എ.സി - 246834 രൂപ
കരാറുകാരൻ - ശ്രീ.മുരളീധരൻ.കെ
അളവു പുസ്തകം നം. 90/20
ചെലവ് - 276500 (ബിൽ നം. 46/28-3-23)

15-06-2022 നുമുമ്പ് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി 15-3-2023 നാണ് പൂർത്തീകരിച്ചത്. കരാറുകാരന്റെ ബില്ലിൽ നിന്നും പ്രവൃത്തി മൂല്യത്തിന്റെ 3% തുകയായ 7221 രൂപ ഈടാക്കിയിട്ടുണ്ട്.

പ്രവൃത്തിയുടെ കാലാവധി ആദ്യ തവണ 15-12-22 വരെയും തുടർന്ന് 15-3-23 വരെയും ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്. കാലാവധി ദീർഘിപ്പിച്ച നൽകുവാനുള്ള അപേക്ഷ കരാറുകാരൻ സമർപ്പിക്കുകയോ പൂർത്തീകരണം വൈകിയതിന്റെ കാരണം വ്യക്തമാക്കുകയോ ചെയ്തിട്ടില്ല.

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാനുള്ള ഓഡിറ്റ് അന്വേഷണം നം. 11(3)/10-08-2023 നുള്ള മറുപടിയിൽ പൂർത്തീകരണം വൈകിയതിന് 3% പിഴ ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പൂർത്തീകരണം വൈകിയതിന്റെയും, കരാറുകാരന്റെ അപേക്ഷ, കാലാവധി ദീർഘിപ്പിക്കുന്നതിനാവശ്യമായ അനുമതി എന്നിവ ഇല്ലാത്തതിന്റെ കാരണവും വ്യക്തമാക്കിയിട്ടില്ല.

പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച നൽകുമ്പോൾ PWD മാന്വലിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 MGNREGS-വ്യക്തിഗത മെറ്റീരിയൽ പ്രവൃത്തികളുടെ ഇനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല

2022-23 വർഷത്തെ MGNREGS Annual Master Circular ലെ ഖണ്ഡിക 7.1.7 ൽ സാധനസാമഗ്രികൾ സമാഹരിക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. സർക്കുലറിലെ ഉപ ഖണ്ഡിക നം. (എൻ) പ്രകാരം, സ്വകാര്യ ഭൂമിയിലുള്ള വ്യക്തിഗത പ്രവൃത്തികൾക്കാവശ്യമായ വസ്തുക്കൾ ക്ഷമതയുള്ള അധികാരി അംഗീകരിച്ച നിരക്ക് അനുസരിച്ച് GST രജിസ്ട്രേഷൻ ഉള്ള ഏതെങ്കിലും വെണ്ടറിൽ നിന്നും ഗുണഭോക്താവിന് വാങ്ങാവുന്നതാണ്.

ഉപഖണ്ഡിക നം. (ഒ) പ്രകാരം, വാങ്ങുന്ന സാധനങ്ങൾ കൃത്യമായി ശേഖരിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. ഉപയോഗിച്ച സാധനങ്ങളുടെ അളവും ബാക്കിയുള്ള സാധനങ്ങളുടെ അളവും സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ തൻവർഷം 14 മെറ്റീരിയൽ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|
| 1 | ആട്ടിൻകൂട് നിർമ്മാണം - ജയന്തി | 1.447 |
| 2 | കോഴിക്കൂട് നിർമ്മാണം - പ്രീജ | 0.119 |
| 3 | കോഴിക്കൂട് നിർമ്മാണം - ശിവപ്രിയ | 0.119 |
| 4 | കോഴിക്കൂട് നിർമ്മാണം - രേണുക | 0.0264 |
| 5 | കോഴിക്കൂട് നിർമ്മാണം - രാധ കേശവൻ | 0.119 |
| 6 | കോഴിക്കൂട് നിർമ്മാണം - തങ്കമണി | 0.189 |
| 7 | കക്കൂസ് നിർമ്മാണം - വേലായുധൻ | 0.0202 |
| 8 | കക്കൂസ് നിർമ്മാണം - ശ്രീജ | 0.11 |
| 9 | കക്കൂസ് നിർമ്മാണം - ശാന്തകുമാരൻ | 0.096 |
| 10 | സോക്ക് പിറ്റ് നിർമ്മാണം - സുമതി | 0.137 |
| 11 | സോക്ക് പിറ്റ് നിർമ്മാണം - സുജാത | 0.148 |
| 12 | സോക്ക് പിറ്റ് നിർമ്മാണം - പങ്കജം | 0.119 |
| 13 | സോക്ക് പിറ്റ് നിർമ്മാണം -യശോധ | 0.154 |
| 14 | സോക്ക് പിറ്റ് നിർമ്മാണം - പാർവ്വതി | 0.154 |

ഫയൽ പരിശോധിച്ചതിൽ മേൽ സൂചിപ്പിച്ച പ്രവൃത്തികളുടെ നിർവ്വഹണത്തിനായി വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിയിട്ടില്ലാത്തതായും GST രജിസ്ട്രേഷൻ ഇല്ലാത്ത വ്യാപാരികളിൽ നിന്നും സാമഗ്രികൾ വാങ്ങിയതായും കണ്ടെത്തി.

പ്രവൃത്തികളുടെ നിർവ്വഹണ വേളയിൽ മാസ്റ്റർ സർക്കുലറിലെ ഖ.7.1.7 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം ഹാജരാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/ 14.08.23 ) തൻ വർഷം ചെയ്തിട്ടുള്ള മെറ്റീരിയൽ പ്രവൃത്തികൾ ഗുണഭോക്താവിനെ വെണ്ടർ ആയി ചേർത്താണ് നടത്തിയിട്ടുള്ളത് എന്നും ഗുണഭോക്താവ് ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ള വ്യാപാരികളിൽ നിന്നും സാധന സാമഗ്രികൾ വാങ്ങി ബില്ല് സമർപ്പിച്ചിട്ടുള്ളതാണ് എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ഗുണഭോക്താക്കൾ നേരിട്ട് വാങ്ങിയ സാധനസാമഗ്രികളും സ്റ്റോക്കിലെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-34 ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖയ്ക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

എ) പ്ലാസ്റ്റിക് - ഖരമാലിന്യ നിയമാവലി വിജ്ഞാപനം ചെയ്യൽ , യൂസർഫീ നിശ്ചയിക്കൽ

സ.ഉ(കൈ)നം.85/2022/തസ്വഭവ തിയതി 19-04-2022 ലെ നിർദ്ദേശമനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ 02.08.2022 ലെ 3(3) നം തീരുമാനം പ്രകാരം മാലിന്യങ്ങളുടെ കൈകാര്യം ചെയ്യൽ ബൈലോ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. വീടുകൾക്ക് 50 രൂപയും മറ്റ് സ്ഥാപനങ്ങൾക്ക് 100 രൂപയും ആണ് യൂസർഫീ ആയി നിശ്ചയിച്ചിട്ടുള്ളത്.

ബി) ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ രൂപീകരണം

ഹരിതകർമ്മസേനയുടെ പ്രവർത്തനം 27.04.2021 മുതലാണ് ആരംഭിച്ചിട്ടുള്ളത്. 16 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനയിൽ നിലവിൽ 32 അംഗങ്ങളുണ്ട്. ആകെ 7037 വീടുകളും 242 വ്യാപാര സ്ഥാപനങ്ങളുമാണ് ഗ്രാമപഞ്ചായത്തിലുള്ളത്. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് പ്രധാനമായും ഹരിതകർമ്മസേനയിൽ നിക്ഷിപ്തമാക്കിയിട്ടുള്ളത്. ശേഖരിക്കുന്ന മാലിന്യങ്ങൾ എം.സി.എഫിൽ സൂക്ഷിച്ച് നിശ്ചിത ഇടവേളകളിൽ കയ്യൊഴിക്കുന്നുണ്ട്. ട്രാഷ്ഗോൾഡ് എന്ന സ്ഥാപനത്തിനാണ് മാലിന്യങ്ങൾ നൽകുന്നത്.

ഹരിതകർമ്മസേനയുടെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുന്നുണ്ട്. തുടക്കത്തിൽ ഹരിതകർമ്മസേനക്ക് മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വെക്കാൻ കഴിഞ്ഞില്ലെങ്കിലും നിലവിൽ പുരോഗതി കൈവരിച്ചിട്ടുണ്ട്. യൂസർഫീ കളക്ഷൻ പ്രതിമാസം 160000 രൂപ മാത്രം ഉണ്ടായിരുന്നത് 2023 ജൂൺ, ജൂലായ് മാസങ്ങളിൽ 260000 രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ബോധവല്ക്കരണ പ്രവർത്തനങ്ങളുടെയും സേനാപ്രവർത്തകരുടെ ഗ്രൂപ്പ് സന്ദർശനങ്ങളുടെയും ഫലമായാണ് ഈ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുള്ളത്.

പ്രവർത്തനമാർഗ്ഗരേഖ പ്രകാരം ഹരിതകർമ്മസേനയ്ക്ക് വാഹനസൗകര്യം നൽകുന്നതിനുള്ള ചുമതല ഗ്രാമപഞ്ചായത്തിനാണ്. തൻവർഷം ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങുന്നതിനുള്ള പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഒരു ബാറ്ററി ഓപ്പറേറ്റഡ് 3 വീലർ ഗുഡ്സ് ക്യാരിയർ സേനാംഗങ്ങൾക്ക് നൽകിയിട്ടുണ്ട്.

സി) മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ് )

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ) ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 14 ാം വാർഡിൽ കടുചിറയിൽ ഒരു എം.സിഎഫ് നിലവിലുണ്ട്. എം.സി.എഫിൽ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കിയിട്ടില്ല. ബെയ്‌ലിംഗ് മെഷീൻ, ഷ്രെഡിംഗ് മെഷീൻ എന്നിവ സ്ഥാപിച്ചിട്ടില്ല. വൈദ്യുതി കണക്ഷൻ നാളിതുവരെ ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്തിലുള്ള 16 വാർഡുകളിലും മിനി എം.സി.എഫുകളുണ്ട്. ആകെ 39 മിനി എം.സി.എഫുകൾ നിലവിലുണ്ട്.

ഡി) റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ് )

ബ്ലോക്ക്തലത്തിൽ ആർ.ആർ.എഫ് സംവിധാനം നിലവിലില്ല.

ഇ) ഹരിത സഹായ സ്ഥാപനങ്ങൾ

15-07-2017 ലെ സ.ഉ(സാധാ)നം.2420/2017/തസ്വഭവ തിയതി ഉത്തരവു പ്രകാരം ഹരിത കേരളം മിഷൻ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാവുന്നതാണ്. നിലവിൽ ഗ്രാമപഞ്ചായത്ത് ഹരിതസഹായ സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടില്ല.

എഫ്) മാലിന്യം കയ്യൊഴിക്കൽ

വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന പുനരുപയോഗിക്കുവാൻ സാധിക്കാത്ത അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായും ശേഖരിക്കുന്ന മാലിന്യങ്ങൾ കയ്യൊഴിയുന്നതിനുമായി ട്രാഷ് ഗോൾഡ് ഇക്കോ സൊല്യൂഷൻസ , പള്ളത്തേരി, എലപ്പുള്ളി എന്ന സ്ഥാപനവുമായി 02.08.2022 ന് കരാറിലേർപ്പെട്ടിട്ടുണ്ട്. Rejected Waste സംസ്കരിക്കുന്നതിന് മേൽസ്ഥാപനത്തിന് കിലോ ഗ്രാമിന് 7 രൂപയാണ് നൽകുന്നത്. CFL, TUBELIGHT, CATRIDGE എന്നീ മാലിന്യങ്ങൾ നൽകുന്നതിന് കിലോ ഗ്രാമിന് 39 രൂപയാണ് ഹരിതകർമ്മസേനയ്ക്ക് ലഭിക്കുന്നത്. ഓഡിറ്റ് വർഷം 55443.25 Kg മാലിന്യങ്ങളും Rejected Waste – 27110 Kg യും ട്രാഷ് ഗോൾഡ് ഇക്കോ സൊല്യൂഷൻസ് നു നൽകിയിട്ടുണ്ട്. മാലിന്യം നൽകിയതിന് ഓഡിറ്റ് വർഷം തുകയൊന്നും ഹരിതകർമ്മസേനക്ക് ലഭ്യമായിട്ടില്ല. Rejected Waste സ്വീകരിച്ചതിന് ട്രാഷ് ഗോൾഡ് ഇക്കോ സൊല്യൂഷൻസിനു തുക നല്കാനുമുണ്ട്. ആയതിന് പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട് എന്ന് വി.ഇ.ഒ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) ഹരിതകർമ്മസേനക്ക് ഓഫീസ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

2) MCFൽ ആധുനികവല്ക്കരണം നടപ്പിലാക്കേണ്ടതാണ്.

3) വാഹനം ഉപയോഗിക്കുന്നതിന് സേനാംഗങ്ങൾക്ക് പരിശീലനം നൽകേണ്ടതാണ്.

4) യൂസർഫീ നൽകാത്തവർക്കെതിരെ കർശന നടപടി ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

5) യൂസർഫീ ക്ക് പുറമെ മറ്റ് സംരംഭക പ്രവർത്തനങ്ങളിലൂടെയുള്ള ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

6) പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിച്ച് കൊണ്ടുപോകുന്ന സ്ഥാപനത്തിൽ നിന്നും കാലതാമസം കൂടാതെ തുക ഈടാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.18/14.08.23 )

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 5-8-2023 മുതൽ 16-8-2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

## 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 25123 | ഗ്യാസ് ക്രിമട്ടോറിയം | 25123 (Redumption) | 0 |
| | 2021-22 | 523200 | ഗ്യാസ് ക്രിമട്ടോറിയം | 523200 (Redumption) | 0 |
| | 2018-19 | 500000 | ഭവന നിർമ്മാണ സാമഗ്രി യൂണിറ്റ് | 54316 | 445684 |
| | 2019-20 | 67362 | വൃദ്ധർക്ക് കട്ടിൽ | 0 | 67362 |
| | 2022-23 | 530396 | ഉഴവു കൂലി-വനിത | 530396 | 0 |
| | | 1414404 | ഉഴവുകൂലി | 1414404 | 0 |
| | | 231110 | പാലിയേറ്റീവ് | 231110 | 0 |
| | | 140000 | പാലിയേറ്റീവ് | 140000 | 0 |
| | | 150000 | സ്കോളർഷിപ്പ് | 150000 | 0 |
| | | 142000 | വൃദ്ധർക്ക് കട്ടിൽ | 142000 | 0 |
| | | 2000000 | ലൈഫ്-എസ്.സി | 2000000 | 0 |
| | | 43000 | ലൈഫ്-ടി.എസ്.പി | 43000 | 0 |
| | | 974820 | ലൈഫ്-എസ്.സി | 974820 | 0 |
| | | 200000 | ലൈഫ്-ജനറൽ | 200000 | 0 |
| | | 114000 | പാലിന് സബ്സിഡി | 114000 | 0 |
| ജില്ലാ പഞ്ചായത്ത്, പാലക്കാട് | 2022-23 | 1056899 | ഉഴവുകൂലി-വനിത | 1056899 | 0 |
| | | 2818401 | ഉഴവുകൂലി | 2818401 | 0 |
| | | 50000 | പാലിന് സബ്സിഡി | 50000 | 0 |
| | | 114000 | പാലിന് സബ്സിഡി | 114000 | |

വർഷങ്ങളായി ചെലവഴിക്കാത്ത ബ്ലോക്ക് വിഹിതം തിരിച്ചടയ്ക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| KSEB, വണ്ടിത്താവളം | 194/23-നന്ദിയോട്-മുതലമട റെയിൽവേ സ്റ്റേഷൻ റോഡിൽ പോസ്റ്റ് ഷിഫ്റ്റിംഗ് | 46/17-3-21 | 299779 | വിനിയോഗ സാക്ഷ്യപത്രങ്ങൾ പ്രകാരം തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. |
| KSEB, തത്തമംഗലം | 193/23-MCF വൈദ്യുതി കണക്ഷൻ, പോസ്റ്റ് ഷിഫ്റ്റിംഗ് | 45/17-3-21 | 69661 | |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ചത് | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | - | 56548188 | 0 | 56548188 | 4149172 | 0 | 52399016 |

(*) ആറ് ജി.ഒ പ്രോജക്കുകൾ പ്രകാരമുള്ള തുക

4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 56602 രൂപയുടെ വിശദാംശം താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2019-20 | 1-33(4) | 7786 | 1220100230/ 22.04.22 | ശ്രീമതി.ഷമിത.പി, അസി.എഞ്ചിനിയർ |
| 2019-20 | 1-33 (6, 8, 9) | 30288 | 220101537/ 06.08.22 | ശ്രീമതി.ഷമിത.പി, അസി.എഞ്ചിനിയർ |
| 2019-20 | 1-33(2) | 7342 | 1220101539/ 06.08.22 | ശ്രീമതി.ഷമിത.പി, അസി.എഞ്ചിനിയർ |
| 2019-20 | 1-33(10) | 9936 | 1220101550/ 08.08.22 | ശ്രീമതി.ഷമിത.പി, അസി.എഞ്ചിനിയർ |
| 2014-15 | 2-3(5) | 1250 | 1220300443/ 27.03.23 | ശ്രീ.എസ്.രാമനണ്ണി, സെക്രട്ടറി (M/s.ശ്രീ പെട്രോളിയം-തൊഴിൽ നികുതി) |
| ആകെ | | 56602 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഖണ്ഡികകളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല.

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 22518311 |
| ഓഡിറ്റ് വർഷത്തെ വരവ് | 36315566 |
| ആകെ | 58833877 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 29475281 |
| നീക്കിയിരിപ്പ് | 29358596 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 84660 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യ ക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സ പ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 84660 | ശ്രീമതി.ബീന.എം.എസ്, സെക്രട്ടറി |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ബീന.എം.എസ്, സെക്രട്ടറി | സെക്രട്ടറി, പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് | രോഹിത് കോട്ടേജ്, കൈരളി ഗ്രാമം, സ്ട്രീറ്റ്-1, യാക്കര, പാലക്കാട്-678701 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി9/ 597/99/24-9-1999 | 8 |
| 1997-98 | എൽ.എഫ്.പി12/244/03/ 2-4-2003 | 2 |
| 1998-99 | എൽ.എഫ്.പി12/414/02/ 1-10-2002 | 8 |
| 1999-2000 | എൽ.എഫ്.പി11/1557/09/ 6-9-2010 | 2 |
| 2000- 01 | എൽ.എഫ്.പി11/1247/08/ 19-2-2009 | 7 |
| 2001-02 | എൽ.എഫ്.പി11/1542/09/ 13-4-2010 | 2 |
| 2002-03 | എൽ.എഫ്.പി11/79/09/ 11-2-2009 | 1 |
| 2003-04 | എൽ.എഫ്.പി11/948/08/ 22-10-2009 | 6 |
| 2004-05 | എൽ.എഫ്.പി11/1371/11/ 20-9-2011 | 4 |
| 2005-06 | എൽ.എഫ്.പി19/595/15/ 11-6-15 | 7 |
| 2006-07 | എൽ.എഫ്.പി11/1332/ Spl.cell/C.Sc/D3/12/1-1-13 | 2 |
| 2007-08 | എൽ.എഫ്.പി11/375/12/ 10.4.12 | 7 |
| 2008-09 | എൽ.എഫ്.പി11/1979/11/ /16-1-12 | 6 |
| 2009-10 & 2010-11 | കെ.എസ്.എ.പി.കെ.ഡി-19/328/16(2)/20.3.17 | 11 |
| 2011-12 | കെ.എസ്.എ.പി.കെ.ഡി-19/481/14/ 3.514 | 11 |
| 2012-13 | കെ.എസ്.എ.പി.കെ.ഡി-19/392(1)/15/ 20.4.17 | 7 |
| 2013-14 & 2014-15 | കെ.എസ്.എ.പി.കെ.ഡി-19/466/16/ 4-4-17 | 12 |
| 2015- 2016 | കെ.എസ്.എ.പി.കെ.ഡി-19/119/ 17/8-2-17 | 3 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.പി.കെ.ഡി-19/1359/ 17/13-8-2017 | 14 |
| 2017- 2018 | കെ.എസ്.എ.പി.കെ.ഡി-19/1359/ 17/13-8-2017 | 24 |
| 2018-19 | കെ.എസ്.എ.പി.കെ.ഡി-19-2119/2018/14-11-2018 | 24 |
| 2019-2020 | കെ എസ് എ പി കെ ഡി -19-674/2021/28-6-21 | 24 |
| 2020-21` | കെ എസ് എ പി കെ ഡി-19-1321/21 /3-11-21 | 6 |
| 2021-22 | KSA-PKD.19/1837/22 /29-11-22 | 31 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 25-07-2023 and submitted on 27-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Pattanchery Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pattanchery Grama Panchayat for the year 2022-2023

Date: 03/10/2023

Deputy Director
District Office Palakkad
Kerala State Audit Department

## Audit Report appended to the Audit Certificate of Pattanchery Grama Panchayat for the Year 2022-2023.

**1.Major Observations**

1. Asset Register not updated and linked with AFS. Hence, accuracy of assets shown in Balance Sheet could not be ascertained.

**2.Other Observations**

1. Notes and basic ratios not recieved.

2. Actual expenditure of CFC untied grant is Rs.2410574, but the expenditure is recorded as Rs.597339 (I6-2308966 + B3-288373). CFC Tied Grand (Spill over) expenditure of Rs. 186765 wrongly included in the expenditure of
CFC untied.

3. KCWWF amount of Rs.4035 posted in the head 350200203 instead of 140500301.

4. Mismatch observed in MNREGS administration expenditure amount in the AFS and Register.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പട്ടാമ്പി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## വാർഷിക ധനകാര്യ പത്രികയുടെ സംക്ഷിപ്ത പത്രികകൾ

1.

Pattanchery Grama Panchayat RECEIPT & PAYMENT STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 22508074.00 |
| Cash | Cash | RP-40(a) | 10237.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 961525.00 |
| 140000000 | Fees & User Charges | RP-4 | 2749184.00 |
| 150000000 | Sale & Hire Charges | RP-5 | 338843.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 13024000.00 |
| 171000000 | Interest Earned | RP-9 | 300114.00 |
| 190000000 | Prior Period Income | RP-11 | 27392.00 |
| 210000000 | Establishment Expenses | RP-12 | 733.00 |
| 311000000 | Earmarked Funds | RP-28 | 939.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 14075060.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 3852418.00 |
| 460000000 | Loans, Advances and Deposits | RP-49 | 8000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 61852.00 |
| 340000000 | Deposits Received | RP-33 | 119668.00 |
| 350000000 | Other Liabilities | RP-35 | 795838.00 |
| | Grand total | | 58833877.00 |
| | PAYMENTS | | |
| | Operating | | |
| 311000000 | Earmarked Funds | RP-28 | 25.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1408848.00 |
| 460000000 | Loans, Advances and Deposits | RP-49 | 144000.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 112647.00 |
| 350000000 | Other Liabilities | RP-35 | 27809761.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 29332299.00 |
| Cash | Cash | RP-40(b) | 26297.00 |

Grand Total 58833877.00

2.

Pattanchery Grama Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3585730.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 106098.00 |
| 140000000 | Fee & User Charges | I-4 | 2859409.00 |
| 150000000 | Sale & Hire Charges | I-5 | 342843.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 155981697.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 300114.00 |
| 180000000 | Other Income | I-9 | 61852.00 |
| 190000000 | Prior Period Income | I-19 | 19914.00 |
| | Total Income | | 163237743.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 13274772.00 |
| 220000000 | Administrative Expenses | I-11 | 943292.00 |
| 230000000 | Operations & Maintenance | I-12 | 2582038.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 14636431.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 33050908.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 6875019.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 41363307.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 46337400.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 2126339.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 0.0 |
| | Total Expenditure | | 161190155.00 |
| | Gross Surplus / Deficit of income over Expenditure | | 2047588.00 |
| | Gross Surplus / Deficit of income over Expenditure | | 2075166.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 47492.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -27578.00 |

3.

| Pattanchery Grama Panchayat BALANCE SHEET<br>As on 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 28374288.11 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 20966.00 |
| 312000000 | Reserves | B-3 | 109657832.00 |
| | Total Reserve & Surplus | | 138053086.11 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 10874904.00 |
| | Total Grants, Contributions for Specific Purposes | | 10874904.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 52399016.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 52399016.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 768902.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1736883.89 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2505785.89 |
| | TOTAL LIABILITIES | | 203832792.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 4320410.00 |
| 412000000 | Capital Work in Progress | B-11(b) | 2765183.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 163635.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 22214210.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 96431002.00 |
| 416000000 | Accumulated Depreciation | B-11(a) | -8712042.00 |
| | Total Fixed Assets | | 117182398.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 2238027.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 52399016.00 |
| 450000000 | Cash and Bank Balance | B-17 | 29358596.00 |
| 460000000 | Loans, Advances and Deposits | B-18 | 2654755.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 86650394.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 203832792.00 |

ഡെപ്യൂട്ടി ഡയറക്ടർ